കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മുളക്കുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail: doalp.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട് സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി5-794/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
ഫോൺ: 0477 2252753
ഇ-മെയിൽ: doalp.ksad@kerala.gov.in

തീയതി- 21.01.2020

ഡെപ്യൂട്ടി ഡയറക്ടർ

.
.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുളക്കുഴ ഗ്രാമ പഞ്ചായത്ത്

.
.

സർ,

വിഷയം:- മുളക്കുഴ ഗ്രാമപഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം1, 2, 3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.
.
.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3. കാര്യാലയ പകർപ്പ്

കെ.എസ്.എ-എ.എൽ.പി/പി5-794/2020 തീയതി, 21.01.2021

## ആലപ്പുഴ ജില്ലയിലെ മുളക്കുഴ ഗ്രാമ പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ്13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01-12-2019 മുതൽ 31-12-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ലഭ്യമാക്കിയ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ശ്രീ.കെ.വി.സന്തോഷ് ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 05/11/2020മുതൽ 13/11/2020വരെ | ശ്രീ .ലിജിലാൽ.ബി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി.മിനി പി രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സിന്ധ്യ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മനേഷ് കുമാർ.ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ഉണ്ണികൃഷ്ണൻ.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ |

1.പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി .രശ്മി രവീന്ദ്രൻ | 01.04.2018 മുതൽ 31.03.2019 വരെ |

2. സെക്രട്ടറി

| | |
|---|---|
| ശ്രീ.ജി. സുനിൽ കുമാർ | 01.04.2018 മുതൽ 30.06.2018 വരെ |
| ശ്രീമതി.ഓമനയമ്മാൾ അസി.സെക്രട്ടറി (ഇൻ ചാർജ്ജ്) | 01.07.2018 മുതൽ 05.07.2018 വരെ |
| ശ്രീ.വി. യു. മോഹനൻ | 06.07.2018 മുതൽ 31.03.019 വരെ |

3) സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ/ ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ.എൻ.എ രവീന്ദ്രൻ | 01.04.2018 മുതൽ 31.03.2019വരെ |
| 2 | വികസനകാര്യം | ശ്രീമതി.ഗിരിജ വിജയകുമാർ | 01.04.2018 മുതൽ 31.03.2019വരെ |
| 3 | ക്ഷേമകാര്യം | ശ്രീ.പി. ആർ. വിജയകുമാർ | 01.04.2018 മുതൽ 31.03.2019വരെ |
| 4 | ആരോഗ്യകാര്യം<br>വിദ്യാഭ്യാസകാര്യം | ശ്രീമതി.കെ.ആർ. രാധാഭായ് | 01.04.2018 മുതൽ 31.03.2019വരെ |

4) മറ്റുനിർവ്വഹണ ഉദ്യോഗസ്ഥർ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ.ബൻജി ഡാനിയേൽ | 01.04.2018 മുതൽ<br>04.11.2018വരെ |
| | | ശ്രീമതി.ആര്യനാഥ്.വി | 05.11.2018 മുതൽ<br>31.03.2019വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.രാജൻ | 01.04.2018 മുതൽ<br>31.03.2019വരെ |
| 3 | ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | ശ്രീമതി.ധന്യ | 01.04.2018 മുതൽ<br>31.03.2019വരെ |
| 4 | മെഡിക്കൽ ഓഫീസർ,<br>(പി.എച്ച്.സി) | ഡോ.ഉഷ | 01.04.2018 മുതൽ<br>31.03.2019വരെ |
| 5 | മെഡിക്കൽ ഓഫീസർ<br>(ആയുർവ്വേദം) | ഡോ.ശ്രീജ | 01.04.2018 മുതൽ<br>17.07.2018വരെ |
| | | ഡേ.ഹേമ | 18.07.18 മുതൽ<br>31.03.2019വരെ |
| 6 | ഹെഡ്മിസ്ട്രസ്സ് ഗവ.യു.പി.എസ്. | ശ്രീമതി.കുനസ്സ്.എ.എസ്. | 01.04.2018 മുതൽ<br>31.03.2019വരെ |
| | | | |
| 8 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.സുജിത്ത് രാജ് | 01.04.2018 മുതൽ<br>31.03.2019വരെ |
| 9 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.വിജയശ്രീ | 01.04.2018 മുതൽ<br>31.03.2019 വരെ |
| | | ശ്രീ.അനിൽകുമാർ.ജി | 01.04.2018 മുതൽ<br>31.03.2019വരെ |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ഇ.ആർ.ഓമനയമ്മാൾ | 01.04.2018 മുതൽ<br>31.03.2019വരെ |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.രെജിമോൾ.റ്റി. | 01.04.2018 മുതൽ<br>31.03.2019 വരെ |

ഉള്ളടക്കം

## <u>ഭാഗം -1</u>

## <u>ഓഡിറ്റ് റിപ്പോർട്ട്</u>

### 1-1 ബജറ്റ്

2018-19 ലെ ബജറ്റ് 19.03.2018 ലെ 1(1) തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ്-ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | ബജറ്റ് | വാർഷിക കണക്കുകൾ പ്രകാരം |
|---|---|---|
| | | |

| | | |
|---|---|---|
| ആകെ വരവ് | 201026602 | 95994477 |
| ആകെ ചെലവ് | 193281500 | 82317104 |

ബജറ്റും യഥാർത്ഥ വരവ്/ചെലവുകളും തമ്മിൽ യാതൊരു പൊരുത്തവുമില്ല. മുൻവർഷത്തെ വരവു ചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 12.04.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

2018-19 വർഷത്തെ വാർഷിക ധനകാര്യപത്രിക 10.06.2019, 11.06.2019 തീയതികളിൽ പരിശോധിക്കുകയും പരിശോധനാറിപ്പോർട്ട് കെ.എസ്.എ-എ.എൽ.പി/പി5-673/19 തീയതി, 26.06.19 നമ്പരായി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ട് ഈ റിപ്പോർട്ടിന്റെ ഭാഗമാണ്.

## 1-4 സാമ്പത്തിക വിശകലനം (റസീറ്റ് ആൻഡ് പേയ്മെന്റ് കണക്കുകളുടെ പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 18089037 |
| വരവ് | 95994477 |
| ആകെ | 114083514 |
| ചെലവ് | 82317104 |
| നീക്കിയിരിപ്പ് | 31766410 |

## 1-5 ഫണ്ട് വിനിയോഗവിവരം - എ.സി.ആർ. പ്രകാരം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | | 17395724 | 17395724 | 16366464 | 1029260 |
| വികസനഫണ്ട്-എസ്.സി.പി | | 14427000 | 14427000 | 1006114 | 4365826 |
| വികസനഫണ്ട്-ടി.എസ്.പി | | 233000 | 233000 | 0 | 233000 |
| മെയിന്റനൻസ്-റോഡ് | | 13345000 | 13345000 | 8916237 | 4428763 |
| മെയിന്റനൻസ്-നോൺ റോഡ് | | 3569000 | 3569000 | 2489080 | 1079920 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 8074000 | 8074000 | 7756113 | 317887 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പിലാക്കിയവ (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പിലാക്കിയവ (എണ്ണം) | നടപ്പിലാക്കാത്തവ (എണ്ണം) | പൂർത്തിയാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 186 | 51481651 | 118 | 24340333 | 17 | 51 | 63.44 |

## 1-7 തൊഴിലുറപ്പ് പദ്ധതി വരവ്-ചെലവ്

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 43830 | 515965 | 559795 | 555823 | 3972 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | - | 23579823 | 23579823 | 23579823 | - |

1-6 പട്ടികയും MIS പട്ടികയും തമ്മിൽ 19177 രൂപയുടെ വ്യത്യാസമുള്ളതായി കാണുന്നു.

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 94560 | 47 |
| കർഷകതൊഴിലാളി പെൻഷൻ | 10959100 | 644 |
| വിധവാപെൻഷൻ | 16677100 | 1001 |
| വാർദ്ധക്യകാലപെൻഷൻ | 43482700 | 2553 |
| വികലാംഗപെൻഷൻ | 6154700 | 348 |
| വിവാഹധനസഹായം | 180000 | 6 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 909800 | 58 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.11 .2020 3.30pmന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15309/- രൂപയുടെ ക്യാഷ് ബാലൻസ് കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം-അപാകതകൾ

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതിയും ഫലപ്രാപ്തിയും കൃത്യമായി വിലയിരുത്തപ്പെടുന്നില്ല.
2. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കപ്പെടുന്നതായി മിനിറ്റ്സിൽ രേഖയില്ല.
3. വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകത മൂലം (പ്യൂരിഫിക്കേഷൻ നടപടികൾ ഫലപ്രദമായി വിനിയോഗിക്കാത്തതുവഴി) പഞ്ചായത്തിന് ഈ ഇനത്തിൽ വരുമാന നഷ്ടമുണ്ടാകുന്നുണ്ട്.
4. പഞ്ചായത്തിലെ വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി പലപ്പോഴും സ്ഥാപനനികുതിയെന്ന പേരിലാണ് അക്കൗണ്ട് ചെയ്യുന്നത്.
5. പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിൽ വീഴ്ചവന്നിട്ടുണ്ട്.
6. പഞ്ചായത്തിലെ വാഹനത്തിന്റെ ലോഗ്ബുക്ക് നിയമാനുസൃതം പരിപാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്.
7. വിവിധയിനം വാങ്ങലുകളുമായി ബന്ധപ്പെട്ട് വാങ്ങൽസമിതിയുടെ മിനിട്സ് കൃത്യമായി പരിപാലിച്ചിട്ടില്ല.
8. ബജറ്റും യഥാർത്ഥ വരവ്/ചെലവുകളും തമ്മിൽ യാതൊരു പൊരുത്തവുമില്ല. മുൻവർഷത്തെ വരവ് ചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ആഭ്യന്തരനിയന്ത്രണത്തിൽ നിലനിൽക്കുന്ന അപാകതകൾ പരിഹരിക്കുവാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19-10-2020 | 2020-21 | - |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27-01-2016 | 2014-15 വരെ | 26-02-2016 |

## 1-12 വസ്തുനികുതി- ആകെ വിസ്തൃതിക്കനുസൃതമായി നികുതി ചുമത്തിയില്ല- വസ്തുനികുതി നിർണ്ണയത്തിൽ 11976 രൂപയുടെ കുറവ്

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 അനുസരിച്ച് ഏഴ് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്ന ഓരോ ഇനം കെട്ടിടത്തിന്റെയും അവയുടെ ഉപഗണങ്ങളുടെയും അടിസ്ഥാനവസ്തുനികുതി നിരക്ക് സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് തീരുമാനം എടുത്തിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/തസ്വഭവ പ്രകാരം നിർദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, മുളക്കുഴ പഞ്ചായത്ത് പരിധിയിലെ 100 ച.മീറ്റർ വരെയുള്ള വാണിജ്യ ആവശ്യ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 50 രൂപയും 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 60രൂപയും അടിസ്ഥാന നികുതി നിരക്കായി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ പരിശോധനയിൽ ചില വാണിജ്യാവശ്യകെട്ടിടങ്ങളുടെ വിസ്തൃതി 100 ച.മീറ്ററിന് മുകളിലായിരുന്നിട്ടും 100 ച.മീറ്ററിന് താഴെയുള്ള അടിസ്ഥാന നികുതി നിരക്കാണ് ചുമത്തിയത്. ഇത് പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പട്ടിക-1 | | | |
|---|---|---|---|
| കെട്ടിട നമ്പർ-<br>ഉടമയുടെ പേര്-<br>വിസ്തൃതി | ചുമത്തിയ വസ്തുനികുതി-<br>ലൈബ്രറി സെസ് | ചുമത്തേണ്ടിയിരുന്ന വസ്തുനികുതി-<br>ലൈബ്രറി സെസ് | നികുതി നിർണ്ണയത്തി<br>ലെ കുറവ് |
| 4/45 B<br>ഷാനവാസ്.എസ്,<br>മുറിയക്കമേലതിൽ,വല്ലന<br>113.2 $m^2$ | @50<br>113.2x50=5660<br>വർദ്ധനവ്-<br>റോഡ്-20%=1132<br>വസ്തുനികുതി-6792<br>ലൈ.സെസ്-340 | @60<br>113.2x60=6792<br>വർദ്ധനവ്-<br>റോഡ്-20%=1358.4<br>വസ്തുനികുതി-8151<br>ലൈ.സെസ്-408 | വസ്തുനികുതി-1359<br>ലൈ.സെസ്-68 |
| 4/45 C<br>ഷാനവാസ്.എസ്,<br>മുറിയക്കമേലതിൽ,വല്ലന<br>118.97 $m^2$ | @50<br>118.97x50=5948.5<br>വർദ്ധനവ്-<br>റോഡ്-20%=1189.7<br>7139<br>ഒന്നാം നില ഇളവ്-356.95<br>വസ്തുനികുതി-6783<br>ലൈ.സെസ്-340 | 118.97x60=7138.2<br>വർദ്ധനവ്-<br>റോഡ്-20%=1427.64<br>8566<br>ഒന്നാം നില ഇളവ്-428.3<br>വസ്തുനികുതി-8138<br>ലൈ.സെസ്-407 | വസ്തുനികുതി-1355<br>ലൈ.സെസ്-67 |
| 4/360 A<br>റെനിമോൾ | @50<br>227x50=11350 | 227x60=13620<br>ഇളവ്-30% | വസ്തുനികുതി-1589<br>ലൈ.സെസ്-79 |

| | | | |
|---|---|---|---|
| പണ്ണവള്ളിൽ തെക്കേതിൽ, മുളക്കുഴ 227 $m^2$ | ഇളവ്-30% മേഖല- റോഡ്- കുറഞ്ഞമേൽക്കര- 30%=3405 വസ്തുനികുതി-7945 ലൈ.സെസ്-398 | മേഖല- റോഡ്- കുറഞ്ഞമേൽക്കര- 30%=4086 വസ്തുനികുതി-9534 ലൈ.സെസ്-477 | |
| 4/604 A കെ.എസ് ഹമീദ്,ലൈലാബീവി, ക്രസന്റെ ഹൌസ് 301 $m^2$ | @50 301x50=15050 ഇളവ്-10% കുറഞ്ഞമേൽക്കര- 10%=1505 വർദ്ധനവ്- റോഡ്-20% 3010 വസ്തുനികുതി-16555 ലൈ.സെസ്-828 | 301x60=18060 ഇളവ്-10% കുറഞ്ഞമേൽക്കര- 10%=1806 വർദ്ധനവ്- റോഡ്-20% വസ്തുനികുതി-19866 ലൈ.സെസ്-994 | വസ്തുനികുതി-3311 ലൈ.സെസ്-166 |
| നികുതി നിർണ്ണയത്തിലെ കുറവ് ആകെ- | | | വസ്തുനികുതി-7614 ലൈ.സെസ്-380 |

വാർഷിക വാടകമൂല്യം അടിസ്ഥാനത്തിലുണ്ടായിരുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരിച്ചപ്പോഴും മേൽ വിവരിച്ച പ്രകാരം തറവിസ്തൃതിക്കനുസൃതമായി നിരക്ക് ചുമത്താതിരുന്നത് ചുവടെ ചേർക്കും പ്രകാരം നികുതി നഷ്ടമുണ്ടാക്കി.

| പട്ടിക – 2 | | | | |
|---|---|---|---|---|
| ക്രമ നം. | ഉടമയുടെ പേര് കെട്ടിട നം വിസ്തൃതി | ചുമത്തിയ നികുതി @50 | ചുമത്തേണ്ട നികുതി @60 | കുറവായി നിർണ്ണയിച്ച നികുതി |
| 1 * | രാജഗോപാൽ പടിഞ്ഞാട്ടെ കര 8/506 A 115.5 $m^2$ | 115.5x50=5775 വർദ്ധനവ് റോഡ് 20%=1155 മുൻപുണ്ടായിരുന്ന നികുതി-6900 വസ്തുനികുതി-6930 ലൈ.സെസ്-347 | 115.5x60=6930 വർദ്ധനവ് റോഡ് 20%=1386 മുൻപുണ്ടായിരുന്ന നികുതി-6900 വസ്തുനികുതി-8316 ലൈ.സെസ്-416 | വസ്തുനികുതി-1386 ലൈ.സെസ്-69 |
| 2 | പ്രസിഡന്റ്,എൻ.എൻ.എസ് | 128x50=6400 | 128x60=7680 | വസ്തുനികുതി-1664 |

| | | | | |
|---|---|---|---|---|
| | കരയോഗം-730<br><br>128 $m^2$ | വർദ്ധനവ്<br><br>റോഡ്, സെൻട്രലൈസ്ഡ്<br><br>എസി- 30%=1920<br><br>മുൻപുണ്ടായിരുന്ന നികുതി-6100<br><br>വസ്തുനികുതി-8320<br><br>ലൈ.സെസ്-416 | വർദ്ധനവ്<br><br>റോഡ്,സെൻട്രലൈസ്ഡ്<br><br>എസി- 30%=2304<br><br>മുൻപുണ്ടായിരുന്ന നികുതി-6100<br><br>വസ്തുനികുതി-9984<br><br>ലൈ.സെസ്-500 | ലൈ.സെസ്-84 |
| 3 | 4/81<br><br>മുഹമ്മദ് കബീർ, ആഷിക് വില്ല പന്തളം<br><br>നൌഷാദ്,തെക്കേവശത്ത്, എരുമക്കാട്<br><br>109.34 | 109.34x50=5467<br><br>വർദ്ധനവ്<br><br>റോഡ് 20%=1093.4<br><br>മുൻപുണ്ടായിരുന്ന നികുതി-4320<br><br>വസ്തുനികുതി-6561<br><br>ലൈ.സെസ്-329 | 109.34x60=6560.4<br><br>വർദ്ധനവ്<br><br>റോഡ് 20%=1312.08<br><br>മുൻപുണ്ടായിരുന്ന നികുതി-4320<br><br>വസ്തുനികുതി-7873<br><br>ലൈ.സെസ്-394 | വസ്തുനികുതി-1312<br><br>ലൈ.സെസ്-65 |
| നികുതി നിർണ്ണയത്തിലെ കുറവ് ആകെ | | | | വസ്തുനികുതി-4362<br><br>ലൈ.സെസ്-218 |

*[പട്ടിക -2 ലെ ക്രമ നം-1 ൽ നികുതി പരിഷ്കരിച്ചപ്പോൾ കുറഞ്ഞ നികുതി വർദ്ധനവ് ഉണ്ടായിട്ടില്ല. കുറഞ്ഞ നികുതി വർദ്ധനവ് പരിഗണിക്കാതെയാണ് ചുമത്തേണ്ട നികുതിയും തയ്യാറാക്കിയത്. വസ്തുനികുതി ചട്ടങ്ങൾ പ്രകാരം വസ്തുനികുതി പരിഷ്കരിക്കുമ്പോൾ ഉണ്ടാകേണ്ട കുറഞ്ഞ വർദ്ധനവിന്റെ 25% ആണ് (ചട്ടം 4(സി))].

വസ്തു നികുതി കുറയുവാനിടയായ സാഹചര്യം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-18/13-11-20)മറുപടി ലഭ്യമാക്കിയില്ല. പട്ടിക -1, 2 എന്നിവയിലെ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയിക്കേണ്ടതും ഡിമാൻഡ് ചെയ്തീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

1-13 വാണിജ്യാവശ്യകെട്ടിടങ്ങളുടെ വസ്തുനികുതി-ഉടമയുടെ ആവശ്യപ്രകാരം വ്യത്യസ്ത നമ്പരുകൾ നൽകി നികുതി നിർണ്ണയിച്ചപ്പോൾ 100 ച.മീറ്ററിലധികം വിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് 100 ച.മീറ്ററിൽ താഴെ വിസ്തൃതിയുള്ള കെട്ടിടങ്ങളുടെ നികുതി നിരക്ക് ചുമത്തിയതുമൂലം വസ്നിതുനികുതിയിനത്തിൽ 8082 രൂപയുടെ നികുതി നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 ഏഴ് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്ന ഓരോ ഇനം കെട്ടിടത്തിന്റെയും അവയുടെ ഉപഗണങ്ങളുടെയും അടിസ്ഥാനവസ്തുനികുതി നിരക്ക് സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ തദ്ദേശസ്വഷയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/ത.സ്വ.ഭ.വ പ്രകാരം സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിലെ 100 ച.മീറ്റർ വരെയുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 50/- രൂപയും 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 60/-രൂപയും ആയി നികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ ഓഡിറ്റ് പരിശോധനയിൽ 100 ചതുരശ്ര മീറ്ററിലധികം വിസ്തൃതിയുള്ള ചില വാണിജ്യാവശ്യ കെട്ടിടങ്ങളെ ഉടമയുടെ

ആവശ്യപ്രകാരം വ്യത്യസ്ത നമ്പരുകൾ നൽകി നികുതി നിർണ്ണയിച്ചപ്പോൾ 100 ച.മീറ്റർ വരെയുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള നികുതി ചുമത്തിയതായി കാണുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ചട്ടം- 4 ഉപചട്ടം-1ൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഒരേ ദിവസം ഒരാളുടെ ഉടമസ്ഥതയിൽ ഒരേ ഉപയോഗക്രമത്തിന് (വാണിജ്യാവശ്യം) നികുതി നിർണ്ണയിച്ച കെട്ടിടങ്ങളായിരുന്നിട്ടുകൂടി അവയുടെ നികുതി ആകെ വിസ്തൃതിക്കനുസൃതമായി നിർണ്ണയിക്കാതിരുന്നത് പഞ്ചായത്തിന് നഷ്ടമുണ്ടാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമയുടെ പേര്<br>കെട്ടിട നം<br>ആകെ വിസ്തൃതി | ചുമത്തിയ നികുതി<br>വിസ്തൃതി | ചുമത്തേണ്ട നികുതി | കുറവായി നിർണ്ണയിച്ച നികുതി |
|---|---|---|---|---|
| 1 | സുധാകരൻ നമ്പൂതിരി<br>ശ്രീദേവി അന്തർജനം<br>ളാക ഇല്ലം<br>കാരക്കാട്<br>7/88 A, B, C<br>115.59 ച.മീറ്റർ | 7/88 A (36.69)<br>36.69 x 50 =1834.5<br>വർദ്ധനവ്20%=366.9<br>വസ്തുനികുതി-2202<br>ലൈ.സെസ്-111 | 7/88 A (36.69)<br>36.69 x 60 =2201.4<br>വർദ്ധനവ്20%=440.28<br>വസ്തുനികുതി-2642<br>ലൈ.സെസ്-133 | വസ്തുനികുതി-440<br>ലൈ.സെസ്-22 |
| | | 7/88 B (22.11)<br>22.11x50=1105.5<br>വർദ്ധനവ്20%=221.1<br>വസ്തുനികുതി-1327<br>ലൈ.സെസ്-67 | 7/88 B (22.11)<br>22.11x60=1326.6<br>വർദ്ധനവ്20%=265.32<br>വസ്തുനികുതി-1592<br>ലൈ.സെസ്-80 | വസ്തുനികുതി-265<br>ലൈ.സെസ്-13 |
| | | 7/88 C (56.79)<br>56.79x50=2839.5<br>വർദ്ധനവ്20%=567.9<br>വസ്തുനികുതി-3408<br>ലൈ.സെസ്-171 | 7/88 C (56.79)<br>56.79x60=3407.4<br>വർദ്ധനവ്20%=681.48<br>വസ്തുനികുതി-4089<br>ലൈ.സെസ്-205 | വസ്തുനികുതി-681<br>ലൈ.സെസ്-34 |
| 2 | വി.എൻ.സജി<br>വെട്ടിക്കാട്ട് വീട്<br>നെട്ടുവരംകോട്<br>8/141/ A B D E F G H<br>293.84 ച.മീ. | 8/ 141 /A (62.634)<br>62.634x50=3131.7<br>വർദ്ധനവ്20%=626.34<br>വസ്തുനികുതി-3759<br>ലൈ.സെസ്-188 | 8/ 141 /A (62.634)<br>62.634x60=3758.04<br>വർദ്ധനവ്20%=751.608<br>വസ്തുനികുതി-4510<br>ലൈ.സെസ്-226 | വസ്തുനികുതി-751<br>ലൈ.സെസ്-38 |
| | | 8/ 141 /B (80.395)<br>80.395x50=4019.75<br>വർദ്ധനവ്20%=803.95<br>വസ്തുനികുതി-4824 | 8/ 141 /B (80.395)<br>80.395x60=4823.7<br>വർദ്ധനവ്20%=964.74<br>വസ്തുനികുതി-5789 | വസ്തുനികുതി-965<br>ലൈ.സെസ്-48 |

| | | | | |
|---|---|---|---|---|
| | | ലൈ.സെസ്-242 | ലൈ.സെസ്-290 | |
| | | 8/ 141 /D (34.54)<br><br>34.54x50=1727<br><br>വർദ്ധനവ്20%=345.4<br><br>(ഒന്നാം നില ഇളവ്-103.65)<br><br>വസ്തുനികുതി-1970<br><br>ലൈ.സെസ്-99 | 8/ 141 /D (34.54)<br><br>34.54x60=2072.4<br><br>വർദ്ധനവ്20%=414.48<br><br>(ഒന്നാം നില ഇളവ്-124.35)<br><br>വസ്തുനികുതി-2363<br><br>ലൈ.സെസ്-119 | വസ്തുനികുതി-393<br><br>ലൈ.സെസ്-<br><br>20 |
| | | 8/ 141 /E (19.866)<br><br>19.866x50=993.3<br><br>വർദ്ധനവ്20%=198.66<br><br>(ഒന്നാം നില ഇളവ്-59.6)<br><br>വസ്തുനികുതി-1133<br><br>ലൈ.സെസ്-57 | 8/ 141 /E (19.866)<br><br>19.866x60=1191.96<br><br>വർദ്ധനവ്20%=238.392<br><br>(ഒന്നാം നില ഇളവ്-71.55)<br><br>വസ്തുനികുതി-1360<br><br>ലൈ.സെസ്-68 | വസ്തുനികുതി-227<br><br>ലൈ.സെസ്-11 |
| | | 8/ 141 /F (19.92)<br><br>19.92x50=996<br><br>വർദ്ധനവ്20%=199.2<br><br>(ഒന്നാം നില ഇളവ്-59.8)<br><br>വസ്തുനികുതി-1137<br><br>ലൈ.സെസ്-57 | 8/ 141 /F (19.92)<br><br>19.92x60=1195.2<br><br>വർദ്ധനവ്20%=239.04<br><br>(ഒന്നാം നില ഇളവ്-71.75)<br><br>വസ്തുനികുതി-1364<br><br>ലൈ.സെസ്-69 | വസ്തുനികുതി-227<br><br>ലൈ.സെസ്-12 |
| | | 8/ 141 /G (27.579)<br><br>27.579x50=1378.95<br><br>വർദ്ധനവ്20%=275.79<br><br>(ഒന്നാം നില ഇളവ്-82.75)<br><br>വസ്തുനികുതി-1573<br><br>ലൈ.സെസ്-79 | 8/ 141 /G (27.579)<br><br>27.579x60=1654.74<br><br>വർദ്ധനവ്20%=330.948<br><br>(ഒന്നാം നില ഇളവ്-99.3)<br><br>വസ്തുനികുതി-1887<br><br>ലൈ.സെസ്-95 | വസ്തുനികുതി-314<br><br>ലൈ.സെസ്-16 |
| | | 8/ 141 /H (48.906)<br><br>48.906x50=2445.3<br><br>വർദ്ധനവ്20%=489.06<br><br>(ഒന്നാം നില ഇളവ്-146.75)<br><br>വസ്തുനികുതി-2789<br><br>ലൈ.സെസ്-140 | 8/ 141 /H (48.906)<br><br>48.906x60=2934.36<br><br>വർദ്ധനവ്20%=586.872<br><br>(ഒന്നാം നില ഇളവ്-176.1)<br><br>വസ്തുനികുതി-3346<br><br>ലൈ.സെസ്-168 | വസ്തുനികുതി-557<br><br>ലൈ.സെസ്-28 |
| | | | | |

| | | | | |
|---|---|---|---|---|
| 2 | ശ്രീരാജ്,<br>മംഗലത്ത്<br>കാരക്കാട്<br>7/574 A B C<br>136.87 ച.മീറ്റർ | 7/574 A<br>(40)<br>40X50=2000<br>റോഡ്-20%=400<br>വസ്തുനികുതി-2400<br>ലൈ.സെസ്-120 | 7/574 A<br>(40)<br>40X60=2400<br>റോഡ്-20%=480<br>വസ്തുനികുതി-2880<br>ലൈ.സെസ്-144 | വസ്തുനികുതി-480<br>ലൈ.സെസ്-<br>24 |
| | | 7/574 B<br>(53.87)<br>53.87X50=2693.5<br>റോഡ്-20%=538.7<br>വസ്തുനികുതി-3233<br>ലൈ.സെസ്-162 | 7/574 B<br>(53.87)<br>53.87X60=3232.2<br>റോഡ്-20%=646.44<br>വസ്തുനികുതി-3879<br>ലൈ.സെസ്-194 | വസ്തുനികുതി-646<br>ലൈ.സെസ്-32 |
| | | 7/574 C<br>(43)<br>43X50=2150<br>റോഡ്-20%=430<br>വസ്തുനികുതി-2580<br>ലൈ.സെസ്-129 | 7/574 C<br>(43)<br>43X60=2580<br>റോഡ്-20%=516<br>വസ്തുനികുതി-3096<br>ലൈ.സെസ്-155 | വസ്തുനികുതി-516<br>ലൈ.സെസ്-26 |
| 3 | ഇ എസ് നജമുദീൻ<br>ഫിർദൌസ്<br>മുളക്കുഴ<br>4/601 B C<br>135.11 ച.മീറ്റർ | 4/601 B<br>(61.93)<br>61.93X50=3096.5<br>റോഡ്-20%=619.3<br>വസ്തുനികുതി-3716<br>ലൈ.സെസ്-186 | 4/601 B<br>(61.93)<br>61.93X60=3715.8<br>റോഡ്-20%=743.16<br>വസ്തുനികുതി-4459<br>ലൈ.സെസ്-223 | വസ്തുനികുതി-743<br>ലൈ.സെസ്-37 |
| | | 4/601 C<br>(61.93 +11.25 )<br>61.93+11.25X50=3659<br>റോഡ്-20%=731.8<br>വസ്തുനികുതി-4391<br>ലൈ.സെസ്-220 | 4/601 C<br>(61.93 +11.25 )<br>61.93+11.25X60=4390<br>റോഡ്-20%=878<br>വസ്തുനികുതി-5268<br>ലൈ.സെസ്-264 | വസ്തുനികുതി-877<br>ലൈ.സെസ്-44 |
| നികുതി നിർണ്ണയത്തിലെ കുറവ് ആകെ | | | | വസ്തുനികുതി-8082<br>ലൈ.സെസ്-405 |

മേൽ വിവരിച്ച പ്രകാരം കുറവായി നികുതി നിർണ്ണയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും (നം-18/13-11-20) പഞ്ചായത്ത് വിശദീകരണം ലഭ്യമാക്കിയില്ല. കുറവായി നിർണ്ണയിച്ച വസ്തുനികുതി 8082/- രൂപ പുനർ നിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി-വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ ഡിമാൻഡിൽ ഉൾപ്പെടുന്നില്ല

എ) കേരള സിവിൽ സപ്ലൈസ് കോർപറേഷന്റെ വെബ് സൈറ്റ്പ്രകാരം മുളക്കുഴ പഞ്ചായത്തിൽ ചെങ്ങന്നൂർ ഡിപ്പോയുടെ കീഴിൽ സപ്ലൈകോ മാർക്കറ്റ് പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ സ്ഥാപനത്തിൽ നിന്നും പഞ്ചായത്ത് ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽ നികുതി ഗ്രാമപഞ്ചായത്ത് ഡിമാൻഡ് ചെയ്ത് ഈടാക്കിയില്ല. 2017-18, 18-19, 19-20 വർഷങ്ങളിലെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററിൽ സപ്ലൈകോ മാർക്കറ്റ് (മാവേലി സ്റ്റോർ) ഉൾപ്പെട്ടിട്ടില്ല. മാവേലി സ്റ്റോർ മുൻപ് തൊഴിൽ നികുതി ഡിമാൻഡിൽ ഉൾപ്പെട്ടിരുന്നോയെന്നുള്ള വിവരം ലഭ്യമായില്ല.സ്ഥാപനത്തിന്റെ തൊഴിൽ നികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് തൻവർഷം 2500 രൂപ നഷ്ടമുണ്ടായിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-4/11-11-2020 നുള്ള മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് സെക്രട്ടറി രേഖാമൂലം അറിയിച്ചു. ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

ബി) ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റിൽ ഉൾപ്പെട്ടിട്ടുള്ളതും, ഗ്രാമപഞ്ചായത്തിലെ ആദ്യ സഹകരണ സ്ഥാപനം എന്ന് വിശേഷിപ്പിച്ചിട്ടുള്ളതുമായ അരീക്കര സർവ്വീസ് കോ-ഒപ്പറേറ്റീവ് ബാങ്ക് (ക്ലിപ്തം നം-2567) ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി പിരിവിൽ ഉൾപ്പെടുന്നില്ല. 2017-18, 18-19, 19-20 വർഷങ്ങളിൽ ഈ സ്ഥാപനത്തെ ജീവനക്കാരുടെയും സ്ഥാപനത്തെയും നികുതി ചുമത്തിയിട്ടില്ല. ഈ ബാങ്കിനെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്തിരുന്നോയെന്ന കാര്യം വ്യക്തമല്ല. സ്ഥാപനത്തിന്റെ തൊഴിൽ നികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് തൻവർഷം 2500 രൂപ നഷ്ടമുണ്ടായിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-4/11-11-20 നുള്ള മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി - എല്ലാ സ്ഥാപനങ്ങളെയും ഡിമാൻഡ് ചെയ്യുന്നില്ല

1994 ലെ കേരള പഞ്ചയത്ത് രാജ് നിയമം വകുപ്പ് 204, 205 വകുപ്പുകൾ അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം/ വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന് ഈ ഇനത്തിൽ ലഭിക്കാവുന്ന മുഴുവൻ തൊഴിൽ നികുതി വരുമാനവും ഈടാക്കുവാൻ കഴിഞ്ഞിട്ടില്ല. നിരവധി സ്ഥാപനങ്ങളിൽ നിന്നും ടി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>1)കേരള സംസ്ഥാന പൊതുവിതരണ കേന്ദ്രങ്ങൾ (റേഷൻ ഷോപ്പുകൾ), നീതി സ്റ്റോർ</u>

എക്ണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ 2011 ലെ ആലപ്പുഴ ജില്ലാ തല സ്ഥിതി വിവര കണക്കുകൾ പ്രകാരം 19 റേഷൻ ഷോപ്പുകൾ, ഒരു നീതി സ്റ്റോർ എന്നിവ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്നു. എന്നാൽ ഈ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയിട്ടില്ല. റേഷൻ ഷോപ്പുകൾ,നീതി സ്റ്റോറുകൾ എന്നിവ പഞ്ചായത്തിന്റെ പ്രവർത്തനാനുമതിയോട്ടുകൂടി പ്രവർത്തിക്കേണ്ട സ്ഥാപനങ്ങളാണെങ്കിലും പഞ്ചായത്തിന്റെ അനുമതി കൂടാതെയാണ് നിലവിൽ ഇവയുടെ പ്രവർത്തനം. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻ ഷോപ്പുകളെ സംബന്ധിക്കുന്ന വിവരങ്ങൾ (ARD നം. ,ലൈസൻസിയുടെ പേര്) എന്നിവ പഞ്ചായത്തിന്റെ പക്കലില്ല. ആയത് തൊഴിൽ നികുതിയിനത്തിൽ ലഭ്യമാകേണ്ട 47500/- രൂപ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാക്കി. (പരമാവധി തൊഴിൽ നികുതി കണക്കാക്കുമ്പോൾ, 19 X 2,500 = 47,500 രൂപയുടെ വരവ് നഷ്ടമുണ്ടായിട്ടുണ്ട്). ചെങ്ങന്നൂർ താലൂക്ക് സപ്ലൈ ഓഫീസിൽ തൊഴിൽ നികുതി ഡിമാൻഡ് നോട്ടീസ് നൽകി റേഷൻ ലൈസൻസികളെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

2) താഴെ പറയുന്ന സ്ഥാപനങ്ങളെ തൊഴിൽ നികുതി ഡിമാൻഡിൽ ഉൾപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞില്ല.

I കാരക്കാട് ക്ഷീരോത്പാദക സഹകരണ സംഘം A212 (D) APCOS

II പെരിങ്ങാല ക്ഷീരോത്പാദക സഹകരണ സംഘം A123 (D) APCOS

III മുളക്കുഴ ക്ഷീരോത്പാദക സഹകരണ സംഘം A187 (D) APCOS

IV കൊഴുവല്ലൂർ ക്ഷീരോത്പാദക സഹകരണ സംഘം A121 (D) APCOS

V അറന്തക്കാട് ക്ഷീരോത്പാദക സഹകരണ സംഘം A276 (D) APCOS

ഈ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുമായി സഹകരിക്കുന്ന ക്ഷീരോത്പാദക സഹകരണ സംഘങ്ങളാണ്. ടി സ്ഥാപനങ്ങളെയും സ്ഥാപനങ്ങളിലെ ജീവനക്കാരെയും തൊഴിൽ നികുതി ചുമത്തി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 4/11.11.2020).

## 1-16 തൊഴിൽ നികുതി-സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി സംബന്ധിക്കുന്ന രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും അവയുടെ പേരിനൊപ്പം കാണിച്ചിരിക്കുന്ന അർദ്ധവർഷം/അർദ്ധവർഷങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.പവനാത്മാ ആയുർവേദ ഹോസ്പിറ്റൽ -I& II

2.മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് കാരക്കാട് - II

3.കൽപ്പന ഫൈനാൻസിയേഴ്സ് മുളക്കുഴ-I

4.EVM Automotive India Pvt Ltd-I& II

5.impel mechines pvt ltd I & II

6.ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് കാരക്കാട്-II

7.മുളക്കുഴ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നം-1224 I & II

8.SBI കാരക്കാട് -II

9.SBI കൊഴുവല്ലൂർ- I & II

10.ബി.എസ്.എൻ.എൽ -I & II

11.കാനറ ബാങ്ക് മുളക്കുഴ-I & II

12.മുത്തൂറ്റ് ഫിനാൻസ് മുളക്കുഴ- II

13.ഫെഡറൽ ബാങ്ക് മുളക്കുഴ-II

14.സെഞ്ചുറി ഹോസ്പിറ്റൽ I & II

15.കെ.എസ്.ഇ.ബി ,മുളക്കുഴ I & II

16.സുസ്വത മിഷൻ ഹോസ്പിറ്റൽ,കാരക്കാട്- II

17.ചെങ്ങന്നൂർ താലൂക്ക് മാർക്കറ്റിംഗ് ആൻഡ് പ്രോസസിംഗ്
18.കോ-ഓപ്പറേറ്റീവ് സൊസൈറ്റി- A340കാരക്കാട്

19.രാജ് മാർബിൾസ് ആൻഡ് ഗ്രാനൈറ്റ്സ് - I

നികുതിയീടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നം-2/06-11-2020 മറുപടി ലഭ്യമാക്കിയില്ല. ഈ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

### 1-17 തൊഴിൽ നികുതി-ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി സംബന്ധിക്കുന്ന രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കിയതായി രേഖപ്പെടുത്തലുകളില്ലായെന്ന് കാണുന്നു. സ്ഥാപനങ്ങളുടെ പേരുകളും കുടിശ്ശിക വരുത്തിയ അർദ്ധവർഷവും ചുവടെ ചേർക്കുന്നു.

1.ഗവ.കെ.വി.എൽ.പി.എസ്, കാരക്കാട് -II-

ആദ്യ പകുതിയിൽ രണ്ട് പേർ

2.കൽപ്പന ഫൈനാൻസിയേഴ്സ് മുളക്കുഴ- II

ആദ്യ പകുതിയിൽ രണ്ട് പേർ

3.EVM Automotive India Pvt Ltd-II

ആദ്യ പകുതിയിൽ മൂന്ന് പേർ

4.impel mechines pvt ltd. I & II

5.SBI കൊഴുവല്ലൂർ- II-

രണ്ടാം അർദ്ധവർഷം 5 ജീവനക്കാർ

6.സെഞ്ച്വറി ഹോസ്പിറ്റൽ-I & II

7.കെ.എസ്.ഇ.ബി ,മുളക്കുഴ I

8.പ്രഭുറാം മിൽസ്, II

9.പോസ്റ്റ് ഓഫീസ് കൊഴുവല്ലൂർ-I & II

10.പോസ്റ്റ് ഓഫീസ്,അരീക്കര-I & II

നികുതിയീടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-2 തീ-06/11/2020)നം- മറുപടി ലഭ്യമാക്കിയില്ല. നികുതിയീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

### 1-18 ലൈസൻസ് ഫീസ് ഡിമാൻഡ് രജിസ്റ്റർ പ്രകാരമുള്ള തുക ഈടാക്കിയില്ല

താഴെ പറയുന്ന ലൈസൻസികളിൽ നിന്നും ഈടാക്കിയിട്ടുള്ള ലൈസൻസ് ഫീസ് ഡിമാൻഡ് രജിസ്റ്ററിൽ പോസ്റ്റ് ചെയ്തിട്ടുള്ള തുകകളിൽ നിന്നും വ്യത്യാസമുള്ളതായി കാണുന്നു. ഡിമാൻഡ് രജിസ്റ്ററിൽ പോസ്റ്റ് ചെയ്ത തുകയെക്കാൾ കുറഞ്ഞ തുകയാണ് യഥാർത്ഥത്തിൽ രസീത് പ്രകാരം വരവ് വന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസിയുടെ പേര് | ഡിമാഡ് രജിസ്റ്റർ പ്രകാരമുള്ള തുക , രസീത് നം | ഡേ ബുക്ക് പ്രകാരം വരവ് വന്ന തുക | വ്യത്യാസം |
|---|---|---|---|
| എ.എൻ രഘു, ആലിൻ ചുവട്ടിൽ<br>പെരിങ്ങാല<br>ജ്യോതി സ്റ്റോഴ്സ് | 500<br>118040100383/ 20-04-18 | 300 | 200 |
| ടി വി ദിവാകരൻ | 500 | 200 | 300 |

| | | | |
|---|---|---|---|
| തെക്കേ അറ്റത്തേതിൽ<br>ബിജു സ്റ്റോഴ്സ് | 118040100385/ 20-04-18 | | |
| രാജു ഇ .ജി<br>രാജ് വില്ല<br>സ്റ്റേഷനറി | 500<br>118040100403/ 23-04-18 | 300 | 200 |
| പി.കെ ചന്ദ്രസേനൻ<br>അപ്സര<br>പലചരക്ക് കട | 500<br>118040100408/ 23-04-18 | 300 | 200 |
| പി.കെ ചന്ദ്രസേനൻ<br>അപ്സര<br>രാസവളക്കട | 500<br>118040100406/ 23-04-18 | 300 | 200 |
| മധു കെ.എ<br>പെരുവഴിയ്ക്കൽ<br>പൊയ്കയിൽ<br>വർക്ക് ഷെഡ് | 500<br>118040100410/ 23-04-18 | 250 | 250 |
| എം.കെ തമ്പാൻ<br>താരവില്ല<br>കാരക്കാട്<br>കൂൾ ബാർ , ബേക്കറി | 500<br>118040100436/ 25-04-18 | 300 | 200 |
| കെ.മോഹനൻ<br>കൈപ്പശ്ശേരിൽ<br>അരീക്കര<br>ഇലക്ട്രിക്കൽ സാധനങ്ങളുടെ വിൽപ്പന | 500<br>118040100451/ 25-04-18 | 300 | 200 |
| ചന്ദ്രകല<br>പൊൻവേലിൽ<br>കാരക്കാട്<br>രാജൻ സ്റ്റോർ | 500<br>118040100479/ 27-04-18 | 200 | 300 |
| കെ.കെ നടരാജൻ<br>നവീൻ നിവാസ് | 500<br>118040100480/ 27-04-18 | 400 | 100 |

| | | | |
|---|---|---|---|
| കാരക്കാട്<br>അർച്ചന കോഫി വർക്സ് | | | |
| സുഭാഷ് എസ്<br>സുഭാഷ് നിലയം<br>പെണ്ണുക്കര<br>ഡ്രീംസ് ബേക്കറി | 500<br>118040100489/ 27-04-18 | 200 | 300 |

ഡിമാൻഡ് രജിസ്റ്ററിലുള്ളതിനെക്കാൾ 2450/- രൂപ കുറവ് മാത്രമാണ് പഞ്ചായത്ത് അക്കൌണ്ടിൽ വരവ് വന്നത്. ഡിമാൻഡ് രജിസ്റ്ററിലെ പോസ്റ്റിംഗും ലൈസൻസ് ഫീസ് വരവും തമ്മിലുള്ള വ്യത്യാസം വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-13) ലഭ്യമാക്കിയ മറുപടിയിൽ കുറവ് വന്ന തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ഈടാക്കി അറിയിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. കുറവ് വന്ന 2450/- രൂപ ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

### 1-19 ലൈസൻസ് ഫീസ് -ഏകീകൃത സ്വഭാവമില്ലാതെ ഫീസീടാക്കുന്നു-ഗ്രാമപഞ്ചായത്തിന് നഷ്ടം

ഒന്നാം നമ്പർ സംസ്ഥാന പാതയായ എം.സി റോഡിനിരുവശവുമാണ് ഗ്രാമപഞ്ചായത്തിലെ മൂന്ന് പെട്രോൾ ഡീസൽ പമ്പുകളും പ്രവർത്തിക്കുന്നത്. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലും മൂന്ന് പമ്പുകളും സമാനമാണെന്നിരിക്കെ 8/301 എന്ന കെട്ടിട നമ്പരിൽ പ്രവർത്തിക്കുന്ന മനോജ് കുമാർ അനുപമ ഫ്യൂവൽസ് എന്ന പമ്പ് ലൈസൻസിയിൽ നിന്നും ആയിരം രൂപ മാത്രമാണ് ലൈസൻസ് ഫീസായി ഈടാക്കിയത്. എന്നാൽ ഇതേ റോഡിന്റെ പാർശ്വഭാഗങ്ങളിലുള്ള മറ്റു പമ്പുകളിൽ നിന്നും നാലായിരം രൂപ വീതം ലൈസൻസ് ഫീസായി വാങ്ങിയിട്ടുമുണ്ട്. ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടനം | ലൈസൻസിയുടെ പേര് | ലൈസൻസ് ഫീസ് | രസീത് നമ്പർ |
|---|---|---|---|---|
| 1 | 111/197 | ലതാ ടി നായർ<br>ശങ്കരമംഗലം | 4000 | 118040100242 |
| 2 | 8/556A | സി പി വാസുദേവൻ നായർ<br>സരസ്വതി മന്ദിരം | 4000 | 118040100562 |
| 3 | 8/301 | മനോജ് കുമാർ<br>അനുപമ ഫ്യൂവൽസ് | 1000 | 118040100544 |

ബൈലോ നിലവിലില്ലാത്ത പഞ്ചായത്തിൽ ക്രമ നം-3 ൽ വിവരിക്കുന്ന ലൈസൻസിയിൽ നിന്നും കുറവ് ലൈസൻസ് ഫീസ് ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും (19/13-11-2020) മറുപടി ലഭ്യമാക്കിയില്ല. ലൈസൻസ് ഫീസിൽ കുറവ് വന്ന തുക 3000/- രൂപ ബന്ധപ്പെട്ട ലൈസൻസിയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

### 1-20 മൂലധന നിക്ഷേപത്തിനനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള ചില സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞനിരക്കിൽ മാത്രമാണ് ലൈസൻസ് ഫീസ് വാങ്ങിയിരിക്കുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| രാജ് ഗ്രാനൈറ്റ് | കെ.വി രാജു | 500 | 118040102767 |
| ഏവീസ് റീടെയിൽ | എ വി ജോർജ് | 200 | 118040101694 |
| ഇ വി എം നിസാൻ ആൻഡ് ഡാറ്റ്സൻ | ബാബു ജോൺ | 1000 | 118040101505 |
| ഇംഫൽ മെഷീൻസ് | മനോജ് | 1000 | 118040100446 |
| ബ്ലൂവാലി പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ | സുഗതൻ | 1000 | 118040102450 |

മൂലധനനിക്ഷേപത്തിന് അനുസരിച്ച് ലൈസൻസ് ഫീസീടാക്കേണ്ടതാണ്.

### 1-21 കുറഞ്ഞ നിരക്കിൽ ലൈസൻസികളിൽ നിന്നും ഫീസീടാക്കിയത് മൂലമുള്ള നഷ്ടം

വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും സംരഭ പ്രവർത്തനങ്ങളും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ പുതുക്കിയ നിബന്ധനകൾ പ്രകാരം ഈടാക്കാവുന്ന പരമാവധി വാർഷിക ലൈസൻസ് ഫീസ് 500 രൂപയാണ്. ഫീസ് നിരക്ക് സംബന്ധിച്ച് ബൈലോ തയ്യാറാക്കിയിട്ടില്ലാത്ത പഞ്ചായത്ത് ഇത് പ്രകാരം കുറഞ്ഞ ലൈസൻസ് ഫീസായി 500 രൂപയാണ് ഈടാക്കിയിരുന്നത്. എന്നാൽ ലൈസൻസ് ഡിമാൻഡ് രജിസ്റ്ററിലെ 53 മുതൽ 67 വരെയുള്ള പേജുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ലൈസൻസികളിൽ നിന്ന് ഇതിൽ കുറഞ്ഞ ഫീസാണ് ഈടാക്കിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം. ലൈസൻസിയുടെ പേര് | ആവശ്യം | ലൈസൻസ് ഫീസ് | രസീത് നം. |
|---|---|---|---|---|
| 1 | 2/36 ബിനു തോമസ് കോശി,മുരിക്കോലിൽ ,ളാകാശ്ശേരി | അലൂമിനിയം ഫാബ്രിക്കേഷൻ | 200 | 118040101461 |
| 2 | ജമാൽ സി ഇ ചെമ്പൻതറു പുത്തൻ വീട് മുളക്കുഴ | റൈസ് മിൽ | 200 | 118040101464 |
| 3 | സൂര്യ കെ ചെമ്പൻതറ പുത്തൻ വീട് മുളക്കുഴ | സോപ്പ്, സോപ്പ് പൊടി കച്ചവടം | 200 | 118040101466 |
| 5 | ജമാലുദീൻ എം.എസ് മണക്കുളങ്ങര വീട് മുളക്കുഴ | ഹാർഡ് വെയർസ് | 200 | 118040101469 |
| 6 | വിജയൻ ടി എം സഞ്ചു സദനം മുളക്കുഴ | ബേക്കറി സ്റ്റേഷനറി | 300 | 118040101490 |
| 7 | സഫറമ്മ എം.കെ റീനാ മൻസിൽ | മൊബൈൽ ഫോൺ അക്സസറീസ് | 200 | 118040101513 |
| 8 | തോമസ് ഈപ്പൻ | പലചരക്ക് | 200 | 118040101541 |

| | | | | |
|---|---|---|---|---|
| | കിഴക്കെ പുത്തൻ പുരക്കൽ, പിരളശ്ശേരി | വ്യാപാരം | | |
| 9 | പ്രകാശ് ടി ഡി<br>തെക്കേടത്ത് മണ്ണിൽ കാരക്കാട് | ബേക്കറി<br>ടോയ്സ് | 200 | 118040101553 |
| 11 | എം ആർ അശോക് കുമാർ<br>വിശാഖം<br>കാരക്കാട് | റബർ വ്യാപാരം | 200 | 118040101557 |
| 12 | പ്രകാശ് ടി ഡി<br>തെക്കേടത്ത് മണ്ണിൽ കാരക്കാട് | ഗാർമെന്റ്സ്<br>കളിപ്പാട്ടങ്ങൾ | 200 | 118040101555 |
| 13 | ബീന എസ്<br>മഹിമ,കാരക്കാട് | ടെക്സ്റ്റൈൽസ് | 200 | 118040101599 |
| 14 | നിഷ വിനോദ് ,നിയോഭവൻ, കാരക്കാട് | മെഡിക്കൽ സ്റ്റോർ | 200 | 118040101604 |
| 15 | അഷറഫ് ടി എസ്<br>തോണിയത്ത് പടിഞ്ഞാറെതിൽ<br>കാരക്കാട് | ക്ലീനിംഗ് സാധനങ്ങളുടെ<br>വിൽപ്പന | 200 | 118040101602 |
| 16 | കെ.സി ചാക്കോ<br>പള്ളി വാതുക്കൽ<br>കല്ലുപറമ്പ് | ബേക്കറി | 200 | 118040101606 |
| 17 | ഇ.ജി ഗോപിനാഥൻ<br>സന്തോഷ് ഭവനം<br>കാരിതോട്ട | ടയർ വർക്സ് | 200 | 118040101608 |
| 18 | സി എൻ സുരേന്ദ്രൻ നായർ, ചാരുനിവാസ്,കൊഴുവല്ലൂർ | സ്റ്റേഷനറി | 200 | 118040101615 |
| 19 | ജയന്തി കെ.ജി<br>കളത്തിലേത്ത്<br>പടിഞ്ഞാറെതിൽ<br>കാരക്കാട്ട് | കാലിതീറ്റ<br>കോഴിതീറ്റ | 200 | 118040101632 |
| 20 | സന്തോഷ് എസ്<br>ആലോലിക്കൽ മേലേതിൽ,കൊഴുവല്ലൂർ | പലചരക്ക് | 200 | 118040101630 |
| 21 | കെ ആർ സുരേന്ദ്രൻ<br>ഹാപ്പി വില്ല, കാരക്കാട് | റബർ | 200 | 118040101650 |

| | | | | |
|---|---|---|---|---|
| 22 | കെ ആർ സുരേന്ദ്രൻ<br>ഹാപ്പി വില്ല, കാരക്കാട് | സൈക്കിൾ പാർട്ട്സ് | 200 | 118040101647 |
| 23 | ഹരികുമാർ ജെ<br>വട്ടയത്തിൽ പുത്തൻവീട് ,പെരിങ്ങാല | പലചരക്ക് | 200 | 118040101652 |
| 24 | ലീല പി<br>സഹോദര ഭവനം<br>കാരക്കാട് | ബ്യൂട്ടി പാർലർ | 200 | 118040101657 |
| 25 | ലീല പി<br>സഹോദര ഭവനം<br>കാരക്കാട് | കോസ്മെറ്റിക്സ് | 200 | 11804010159 |
| 26 | ജിനു പി ശശിധരൻ<br>അജി നിവാസ്<br>കീഴ്ച്ചേരിമേൽ | മൊബൈൽസ് | 200 | 11804010166 |
| 27 | ആനന്ദവല്ലി<br>അനുഭവൻ<br>കൊഴുവല്ലൂർ | സ്റ്റേഷനറി | 200 | 118040101677 |
| 28 | എ വി ജോർജ്,<br>വാചപറമ്പിൽ<br>ആര്യാചേരിൽ പുളിങ്കുന്ന് പി ഒ | എ വി റീട്ടെയ്ൽസ് | 200 | 118040101694 |

ലൈസൻസ് ഫീസ് മിനിമം തുകയായി ഈടാക്കി വന്നിരുന്ന 500/- രൂപയിൽ നിന്നുള്ള ആകെ കുറവ് 7700/- രൂപയാണ്. കുറഞ്ഞ ലൈസൻസ് ഫീസീടാക്കി ലൈസൻസ് നൽകിയതിന്റെ കാരണം ഓഡിറ്റ് കുറിപ്പ് മുഖാന്തിരം അന്വേഷിച്ചിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഇത് സംബന്ധിക്കുന്ന വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-22 ടെന്റർഫീസിനത്തിൽ ഒടുക്കിയ 66864/- രൂപ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം ഇ-ടെന്റർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെന്റർ ഫീസിനത്തിൽ 109984/- രൂപ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ഒടുക്കു വരുത്തിയിരുന്നു. എൻ.ഐ.സി മുഖേന പ്രസ്തുത അക്കൗണ്ടിൽ ഓൺലൈനായി ക്രെഡിറ്റ് വന്ന ഈ തുകയിൽ 43120/- രൂപ മാത്രമാണ് തിരികെ ലഭിച്ചിട്ടുള്ളതെന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിൽ രേഖാമൂലം അറിയിച്ചിട്ടുള്ളത്. പഞ്ചായത്തിന്റെ തനത്ഫണ്ടിലേക്ക് അർഹമായ ശേഷിച്ച 66864/- രൂപ എത്രയും വേഗം മടക്കി ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-23 എസ്റ്റിമേറ്റിൽ Lump-sum ആയി വകയിരുത്തിയിരുന്ന തുക ക്രമവിരുദ്ധമായി കരാറുകാർക്ക് പിൻവലിച്ചു നൽകുകവഴി അധികചെലവ്

2018-19 വർഷം അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ താഴെപറയുന്ന റോഡ് റീടാറിങ്ങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ Lump-sum ആയി വകയിരുത്തിയിരുന്ന തുക ക്രമവിരുദ്ധമായ നടപടികളിലൂടെ കരാറുകാർക്ക് പിൻവലിച്ചു നൽകുക വഴി അധികചെലവ് ഉണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു.

എ) കിടങ്ങിൽപടി റോഡ് റീടാറിങ്ങ്

| | |
|---|---|
| പ്രോജക്ട് നം | 12/18 (172/19) |
| എസ്റ്റിമേറ്റ് | 340000 |
| കരാറുകാരൻ | എൻ കെ ചന്ദ്രൻ |
| പി എ സി | 307385 |
| എഗ്രിമന്റ് നം/തീയതി | 11/17-18/01-01-18 |
| എം ബുക്ക് നം | 32/17-18 |
| ട്രഷറി ബിൽ നം/തീയതി | 55/19-03-19 |

ഈ പ്രവൃത്തിക്കായി 0.01% കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരുന്ന ശ്രീ.എൻ കെ ചന്ദ്രന്റെ ടെണ്ടർ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിനെ തുടർന്ന് (16-12-2017 ലെ 1-6 നം തീരുമാനം) ടിയാൻ എഗ്രിമന്റ് ചമക്കുകയും, 01/01/2018 ൽ സൈറ്റ് കൈമാറി നൽകുകയും ചെയ്തിരുന്നു. 31/03/2018 തീയതിക്കകം പൂർത്തീകരിക്കേണ്ടിയിരുന്ന പ്രസ്തുത പ്രവൃത്തി നിർവ്വഹണ കാലയളവിനുശേഷവും ആരംഭിക്കാതിരുന്നതിനാൽ ഏഴുദിവസത്തിനകം രേഖാമൂലം വിശദീകരണം നൽകണമെന്നും, അല്ലാത്തപക്ഷം ടിയാന്റെ പേരിലുള്ള ദർഘാസ് റദ്ദ് ചെയ്യുന്നതാണെന്നും ചൂണ്ടിക്കാട്ടി എൻജിനീയർ 13/04/18 ൽ കരാറുകാരന് കത്തുനൽകിയെങ്കിലും ടിയാൻ മറുപടി നൽകിയതായി രേഖയില്ല. എന്നാൽ എഗ്രിമന്റ് കാലയളവിൽ മെറ്റീരിയൽ ലഭിക്കാത്തതാണ് പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തീകരിക്കുവാൻ സാധിക്കാത്തതെന്നതിനാൽ കാലയളവ് ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷിച്ചുവെന്നും, ആയതിന് എൻജിനീയർ ശുപാർശ ചെയ്തുവെന്നും ചൂണ്ടിക്കാട്ടി നിർവ്വഹണകാലയളവ് 30/11/18 വരെ ഫൈനോടുകൂടി പഞ്ചായത്തുകമ്മിറ്റി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട് (17/09/2018 ലെ 3/1 തീരുമാനം). എന്നാൽ ഇപ്രകാരം ഒരു അപേക്ഷ കരാറുകാരൻ നൽകിയതായി ഫയലിൽ രേഖയില്ല.

100m$^3$ പോട്ട്ഹോൾ ഫില്ലിംങ്ങിനും(16 എണ്ണം), 350m റീടാറിംങ്ങിനും വേണ്ടി 307385/ രൂപയും, Lump-sum ആയി 32615/- രൂപയും ഉൾപ്പടെയാണ് എസ്റ്റിമേറ്റിൽ 340000/-രൂപ വകയിരുത്തിയിരുന്നത്. എന്നാൽ പ്രവൃത്തിയുടെ സൈറ്റ് കാലവർഷത്തിനു ശേഷം കൂടുതൽ തകർന്നതിനാൽ സർവ്വീസ് ടാക്സ് ഇനത്തിൽ വകയിരുത്തിയിരുന്ന തുക ഉപയോഗപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കുവാൻ 19/11/18 ൽ കൂടിയ പഞ്ചായത്തു കമ്മിറ്റി എൻജിനീയർക്ക് അനുവാദം നൽകിയിരുന്നു (12(1) തീരുമാനം). ഇതനുസരിച്ച് 20/12/18 ൽ തയ്യാറാക്കി അംഗീകരിച്ച പുതുക്കിയ എസ്റ്റിമേറ്റിൽ പോട്ട്ഹോൾ ഫില്ലിംങ്ങിന്റെ അളവ് 100m$^3$ ൽ നിന്നും 187.34m$^3$ ആയി വർദ്ധിപ്പിക്കുകയും (48 എണ്ണം) ഇതിലേക്കായി വകയിരുത്തിയ തുക 37199/-ൽ നിന്നും 69689/-ആയി വർദ്ധിപ്പിക്കുകയും ചെയ്തു. Lump-sum ആയി ഒർജിനൽ എസ്റ്റിമേറ്റിൽ വകയിരുത്തിയിരുന്ന തുക ഉപയോഗിച്ചാണ് ഈ വർദ്ധനവ് വരുത്തിയത്. 306889/- രൂപ മൂല്യനിർണ്ണയം നടത്തിയ ഈപ്രവൃത്തിയുടെ 69689/-രൂപ പോട്ട്ഹോൾ ഫില്ലിങ്ങ് ഇനത്തിലാണ് കരാറുകാരന് അനുവദിച്ചിട്ടുള്ളത്. ഇതു സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) എഗ്രിമന്റ് വച്ച 01/01/18 ൽ തന്നെ കരാറുകാരന് സൈറ്റ് കൈമാറി നൽകിയിട്ടുണ്ട്. കരാർ പ്രകാരം 31/03/18 നുള്ളിൽ പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി നിർദ്ദിഷ്ട കാലയളവിനുള്ളിൽ ആരംഭിക്കുകപോലും ചെയ്തിരുന്നില്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാണ്. ഫൈൻ ഈടാക്കി കൊണ്ട് കാലയളവ് ദീർഘിപ്പിച്ചു നൽകാനാണ് പിന്നീട് പഞ്ചായത്തു കമ്മിറ്റി അനുവാദം നല്കിയിട്ടുള്ളതും. ഇപ്രകാരം കരാർ ലംഘനം നടത്തിയ കരാറുകാരന്റെ വീഴ്ചമൂലമാണ് പ്രവൃത്തി ദീർഘിപ്പിക്കേണ്ടി വന്നതെന്നിരിക്കെ പ്രവൃത്തി നിർദ്ദിഷ്ടഅളവിലും സ്പെസിഫിക്കേഷനിലും പൂർത്തീകരിക്കേണ്ട ഉത്തരവാദിത്വം കരാറുകാരനിൽ മാത്രം നിക്ഷിപ്തമാണ്. എന്നാൽ പിന്നീട് റോഡിൽ അധികം കുഴികളുണ്ടായി എന്ന കാരണം പറഞ്ഞ് മാസങ്ങൾക്കു ശേഷം എസ്റ്റിമേറ്റ് പുതുക്കുകയും, ഒർജിനൽ എസ്റ്റിമേറ്റിൽ Lump-sum ആയി വകയിരുത്തിയിരുന്ന തുക കൂടി പോട്ട്ഹോൾ ഫില്ലിങ്ങിനായി അനുവദിക്കുകയുമാണുണ്ടായത്. കൂടാതെ ഇപ്രകാരം Lump-sum ആയി വകയിരുത്തിയിരുന്ന തുകകൂടി പോട്ട്ഹോൾ ഫില്ലിങ്ങിന് അധികമായി വകയിരുത്തിയതൊഴിച്ചാൽ പുതുക്കിയ എസ്റ്റിമേറ്റിൽ മറ്റയാതൊരു മാറ്റങ്ങളുമില്ല എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ഒർജിനൽ എസ്റ്റിമേറ്റിൽ Lump-sum ആയി വകയിരുത്തിയരുന്ന തുക മിച്ചമുണ്ടെന്ന കാരണത്താൽ ഈ തുക കൂടി പിന്നീട് ഉണ്ടായ കുഴികളുടെ ഫില്ലിങ്ങിനെന്ന പേരിൽ സമയബന്ധിതമായി പ്രവൃത്തി നടത്താതിരുന്ന കരാറുകാരന് അനുവദിച്ച നടപടി ക്രമവിരുദ്ധമാണ്.

2) അളവുപുസ്തകപ്രകാരം ഈ പ്രവർത്തിയുടെ അവസാന അളവുകൾ 22/10/18 ലും, ചെക്ക് മെഷർമെന്റ് 25/10/18 ലുമാണ് നടന്നിട്ടുള്ളത്. എന്നാൽ എസ്റ്റിമേറ്റ് പുതുക്കുവാൻ പഞ്ചായത്തുകമ്മിറ്റി അനുവാദം നൽകിയതാകട്ടെ 19/11/18 ലും,

എസ്റ്റിമേറ്റ് പുതുക്കിയത് 20/12/18 ലുമാണ്. ഇതിൽ നിന്നും എസ്റ്റിമേറ്റ് പുതുക്കുവാൻ അനുവാദം ലഭിക്കും മുൻപേതന്നെ പ്രവൃത്തി പൂർത്തീകരിക്കപ്പെട്ടിരുന്നുവെന്ന് വ്യക്തമാകുന്നു.

3) മുൻകൂട്ടി നിർണ്ണയിക്കാനാകാത്ത ഒന്നും ഈ റീടാറിങ്ങ് പ്രവൃത്തിയിൽ ഇല്ലായിരുന്നു എന്നിരിക്കെ ഒറിജിനൽ എസ്റ്റിമേറ്റിൽ ചെലവിലേയ്ക്കായി ആകെ ആവശ്യമായതിന്റെ 10% ൽ അധികരിച്ച തുക Lump-sum ആയി ഉൾപ്പെടുത്തിയത് മരാമത്ത് ചട്ടങ്ങൾക്ക് വിരുദ്ധമാണ്. Service Tax നെക്കുറിച്ച് വ്യക്തതയില്ലാതിരുന്നതിനാലാണ് ഇപ്രകാരം ഉൾപ്പെടുത്തിയതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി. എന്നാൽ റോഡുവേലകൾക്കൊന്നും service tax ബാധകമല്ലായിരുന്നുവെന്നിരിക്കെ ഈ മറുപടി അംഗീകരിക്കാവുന്നതല്ല.

4)കരാറുകാരന്റെ വീഴ്ച മൂലമുള്ള ദീർഘിപ്പിക്കലിന് 1000/- രൂപമാത്രമാണ് ഫൈൻ ഇനത്തിൽ ഈടാക്കിയിട്ടുള്ളത്. അനുവദനീയമായിരുന്ന നിർവ്വഹണകാലയളവിന്റെ 50% ൽ അധികം പ്രവൃത്തിയുടെ പൂർത്തീകരണത്തിന് എടുത്തിട്ടുള്ളതിനാൽ മിനിമം 3% തുക പിഴയായി ഈടാക്കേണ്ടിയിരുന്നു. ഇതുപ്രകാരം കരാറുകാരനിൽ നിന്നും ഫൈൻ ഇനത്തിൽ നിയമാനുസൃതം (പുതുക്കിയ പൊതുമരാമത്ത് മാന്വൽ സെക്ഷൻ: 2112-1) ഈടാക്കേണ്ടിയിരുന്നത് 10200/- രൂപയാണ് (പുതുക്കിയ പി എ സി ആയ 340000/- രൂപയുടെ 3%). ഈടാക്കിയ 1000/-രൂപ കഴിച്ച് ശേഷിച്ച 9200/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

മുകളിൽ പ്രതിപാദിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:7/10-11-2020) ടാർ അടക്കമുള്ള സാധനങ്ങളുടെ ലഭ്യതക്കുറവുമൂലമാണ് നിർവ്വഹണകാലയളവ് ദീർഘിപ്പിച്ചതെന്നും, പ്രളയത്തിനുശേഷമുള്ള റോഡിൽ നിലവിലുണ്ടായിരുന്ന എസ്റ്റിമേറ്റ് അപര്യപ്തമായതിനാലാണ് എസ്റ്റിമേറ്റ് പുതുക്കിയതെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ എ ഇ മറുപടി നൽകി. എന്നാൽ സമാനകാലയളവിൽ പഞ്ചായത്തിൽ എഗ്രിമന്റ് വച്ച ഭൂരിഭാഗം ടാറിങ്ങ് വേലകളും നിശ്ചിതസമയത്ത് തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി അധികംതുക അനുവദിക്കണമെന്ന് കരാറുകാരൻ ആവശ്യപ്പെട്ടതായി രേഖയുമില്ല. ആകയാൽ ഒർജിനൽ എസ്റ്റിമേറ്റിൽ Lump-sum ആയി വകയിരുത്തിയരുന്ന തുക മിച്ചമുണ്ടെന്ന കാരണത്താൽ ഈ തുക കൂടി പിന്നീട് ഉണ്ടായ കുഴികളുടെ ഫില്ലിങ്ങിനെന്ന പേരിൽ കരാർലംഘനം നടത്തിയ കരാറുകാരന് അനുവദിച്ചതിൻമേൽ ലഭ്യമാക്കിയ ഈ മറുപടി യുക്തിസഹമല്ല.മേൽകാരണങ്ങളാൽ ഇതിലേക്കായി ക്രമവിരുദ്ധമായി അനുവദിച്ച 32490/- രൂപ (69689-37199) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി ഒടുക്കുവരുത്താത്തപക്ഷം ആയത് അധികചെലവിന് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

ബി) <u>മൂലപ്ലാംചുവട്- വലക്കടവുംപാട് റോഡ് റീടാറിങ്ങ് (വാർഡ് 14)</u>

| | |
|---|---|
| പ്രോജക്ട് നം | 42/18,190/19 |
| എസ്റ്റിമേറ്റ് | 670000 |
| കരാറുകാരൻ | ശ്രീ സാം എബ്രഹാം |
| പി എ സി | 607888 |
| എഗ്രിമന്റ് നം/തീയതി | 50/17-18/31-03-18 |
| എം ബുക്ക് നം | 89/18 |
| ട്രഷറി ബിൽ നം/തീയതി | 60-66/12-03-19 |

ഈ പ്രവൃത്തിക്കായി ശ്രീ സാം എബ്രഹാം രേഖപ്പെടുത്തിയ നിരക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിനെ തുടർന്ന് (22/03/18 ലെ 1-1 നം തീരുമാനം) 31/03/18ൽ ടിയാൻ കരാർ ചമക്കുകയും അന്നേ ദിവസംതന്നെ സൈറ്റ് കൈമാറി നൽകുകയും ചെയ്തിരുന്നു. 181.5$m^3$ പോട്ട്ഹോൾ ഫില്ലിങ്ങും(17 nos-75mm thick), 700mനീളത്തിൽ റീടാറിങ്ങും (2100m2) നടത്തുന്നതിന് 607888/- രൂപയും, Lump-sum ആയി 62112/-രൂപയും ഉൾപ്പടെയാണ് എസ്റ്റിമേറ്റിൽ 670000/- രൂപ വകതിരുത്തിയിരുന്നത്. എസ്റ്റിമേറ്റിൽ 10% ൽ അധികം തുക നികുതിയിനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ആവശ്യമില്ലാത്തതിനാൽ ടി തുക ഉപയോഗപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കുവാൻ എൻജിനീയർ ആവശ്യപ്പെട്ടതനുസരിച്ച് 06/04/18 ൽ കൂടിയ പഞ്ചായത്ത്കമ്മിറ്റി അനുവാദം നൽകിയിരുന്നു(തീരുമാനം 4-1). എന്നാൽ നികുതിയിനത്തിൽ അല്ല മറിച്ച് Lump-sum ആയാണ് എസ്റ്റിമേറ്റിൽ അധികം തുകവകയിരുത്തിയിരുന്നത്. കൂടാതെ ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുതുക്കിയത് 28/09/18 ൽ മാത്രമാണ്. ഇപ്രകാരം എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ പോട്ട്ഹോൾ ഫില്ലിംങ്ങ് അളവ് 181.5 m3 ൽ നിന്നും 371.99 $m^3$ ആയി വർദ്ധിപ്പിക്കുകയും (72nos-75mm

thick)ഈയിനത്തിൽ വകയിരുത്തിയ തുക 67516/-ൽ നിന്നും 167507/-ആയി വർദ്ധിക്കുകയും ചെയ്തു.700m നീളത്തിൽ റീടാറിങ്ങ് എന്നത് പുതുക്കിയ എസ്റ്റിമേറ്റിൽ 620m ആയി കുറക്കുകയും ആ തുക കൂടി പോട്ട്ഹോൾ ഫില്ലിംങ്ങിനായി വകമാറ്റുകയുമാണുണ്ടായത്. എസ്റ്റിമേറ്റിൽ പുതുതായി ഉൾപ്പെടുത്തിയതാകട്ടെ 4128/-രൂപയുടെ Berm cutting പ്രവൃത്തി മാത്രമാണ്. ഇതുസംബന്ധമായുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) മുൻകൂട്ടി നിർണ്ണയിക്കാനാകാത്ത ഒന്നും ഈ റീടാറിങ്ങ് പ്രവൃത്തിയിൽ ഇല്ലായിരുന്നു എന്നിരിക്കെ ആകെ ആവശ്യമായതുകയുടെ 10% ൽ അധികരിച്ച തുക ഒറിജിനൽ എസ്റ്റിമേറ്റിൽ Lump-sum ആയി ഉൾപ്പെടുത്തിയത് മരാമത്ത് ചട്ടങ്ങൾക്ക് വിരുദ്ധമാണ്. Service Tax നെക്കുറിച്ച് വ്യക്തതയില്ലാതിരുന്നനാലാണ് ഇപ്രകാരം തുക വകയിരുത്തിയതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി. എന്നാൽ റോഡുവേലകൾക്കൊന്നും service tax ബാധകമല്ലായിരുന്നുവെന്നിരിക്കെ ഈ മറുപടി അംഗീകരിക്കാവുന്നതല്ല.

2) എസ്റ്റിമേറ്റിൽ 10% ൽ അധികം തുക നികുതിയിനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ആവശ്യമില്ലാത്തതിനാൽ എൻജിനീയർ ആവശ്യപെട്ടതു പ്രകാരം എസ്റ്റിമേറ്റ് പുതുക്കുവാൻ 6/4/18ൽ പഞ്ചായത്ത് കമ്മിറ്റി അനുവാദം നൽകിയിട്ടും 28/09/18 ൽ മാത്രമാണ് എസ്റ്റിമേറ്റ് പുതുക്കി അംഗീകാരം വാങ്ങിയത്. കരാർ ചമച്ച് ആറാം ദിവസം തന്നെ Lump-sumആയി വകയിരുത്തിയിരുന്ന 62112/-രൂപ വിനിയോഗിച്ച് എസ്റ്റിമേറ്റ് പുതുക്കുവാൻ കമ്മിറ്റി അനുമതി നല്കിയരിക്കെ അപ്രകാരം ചെയ്യാതിരിക്കുകയും, മാസങ്ങൾക്ക് ശേഷം പുതുക്കിയപ്പോഴാകട്ടെ ഇതിൽ 38234/- രൂപയും പിന്നീട് ഉണ്ടായ കുഴികളടക്കുവാൻ അനുവദിക്കുകയുമാണുണ്ടായത്. കൂടാതെ എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ റീടാറിങ്ങ് നടത്തേണ്ട റോഡിന്റെ നീളം 700m ൽ നിന്നും 620m ആയി കുറക്കുകയും ആയിനത്തിലുള്ള 61757/-രൂപ കൂടി പിന്നീട് ഉണ്ടായ കുഴികളുടെ ഫില്ലിങ്ങിനായി കരാറുകാരന് അനുവദിക്കുകയും ചെയ്തു.[167507-(67516+38234)=61757]

3)പ്രവൃത്തിക്കായി കരാർവച്ച 31/03/18 ൽ തന്നെ കരാറുകാരന് സൈറ്റ് കൈമാറി നൽകിയിട്ടുണ്ടെന്നിരിക്കെ പിന്നീട് നിർവ്വഹണകാലയളവിൽ ഉണ്ടാകുന്ന കുഴികൾ അടക്കുന്നതുൾപ്പടെ പ്രവൃത്തി നിർദ്ദിഷ്ട അളവിൽ പൂർത്തീകരിക്കേണ്ട ഉത്തരവാദിത്വം കരാറുകാരനിൽ മാത്രം നിക്ഷിപ്തമാണ്. എന്നാൽ Lump-sum ആയി വകയിരുത്തിയിരുന്ന തുക മിച്ചമുണ്ടെന്ന കാരണത്താൽ ഈ ഇനത്തിലെ 38234/-രൂപയും, റീടാർ ചെയ്യേണ്ടിയിരുന്ന റോഡിന്റെ നീളം കുറക്കുകവഴി മിച്ചംവന്ന 61757/- രൂപയും കൂടി പിന്നീട് ഉണ്ടായ കുഴികളുടെ ഫില്ലിംങ്ങിനെന്ന പേരിൽ കരാറുകാരന് അനുവദിച്ച നടപടി ക്രമവിരുദ്ധമാണ്.

മുകളിൽ പ്രതിപാദിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ നിർദ്ദേശിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:7/10-11-2020) ഉപതെരഞ്ഞെടുപ്പ്, പിന്നിട്ടുവന്ന പ്രളയം എന്നിവ കൊണ്ടാണ് എസ്റ്റിമേറ്റ് പുതുക്കുവാൻ താമസിച്ചതെന്നും, റീടാർ ചെയ്യേണ്ട റോഡിന്റെ അളവ് 620m മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ എ ഇ മറുപടി നൽകി. സൈറ്റിനനുസൃതമായി അവശ്യമെങ്കിൽ എസ്റ്റിമേറ്റ് പുതുക്കേണ്ടതും പ്രവൃത്തി നടപ്പാക്കേണ്ടതും നിർവ്വഹണ ഉദ്യോഗസ്ഥന്റെ കടമയും വിവേചന അധികാരവുമാണെന്നും ടിയാൻ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ മറുപടിയിൽ നിന്നും മതിയായ സൈറ്റ് പരിശോധനകൂടാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നതെന്ന് വ്യക്തമാണ്.ഒർജിനൽ എസ്റ്റിമേറ്റിൽ Lump-sum ആയി വകയിരുത്തിയരുന്ന തുക മിച്ചമുണ്ടെന്ന കാരണത്താൽ ആ തുകയും, റീടാർ ചെയ്യേണ്ട റോഡിന്റെ യഥാർഥ നീളം കുറവായിരുന്നു എന്ന പേരിൽ അതിലേക്കായി വകയിരുത്തിയിരുന്നതിൽ ബാക്കിവന്ന തുകയും കൂടി പിന്നീട് ഉണ്ടായ കുഴികളുടെ ഫില്ലിംങ്ങിനെന്ന പേരിൽ എസ്റ്റിമേറ്റ് പുതുക്കി കരാറുകാരന് അനുവദിച്ചതിനെ ന്യായീകരിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി പര്യാപ്തമല്ല. കൂടാതെ പോട്ട്ഹോൾ ഫില്ലിങ്ങിനായി അധികംതുക അനുവദിക്കണമെന്ന് കരാറുകാരൻ ആവശ്യപ്പെട്ടതായി രേഖയുമില്ല. മേൽകാരണങ്ങളാൽ പോട്ട്ഹോൾ ഫില്ലിങ്ങിനുവേണ്ടി ക്രമവിരുദ്ധമായി അധികം അനുവദിച്ച 99991/-രൂപ (167507-67516) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി ഒടുക്കുവരുത്താത്തപക്ഷം ആയത് അധികചെലവിന് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

## 1-24 കുഴിക്കലിലൂടെ ലഭിച്ച ഉപയോഗയോഗ്യമായ മണ്ണിന്റെ അളവ് ഫില്ലിങ്ങിൽ കുറവുവരുത്താതിരിക്കുകവഴി അധികചെലവ്

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ഇലഞ്ഞിനിൽക്കുന്നതിൽ വടക്കേക്കര<br>റോഡ് കോൺക്രീറ്റ്-വാർഡ് 14 |
| പ്രോജക്ട് നം | 95/19 |
| | |

| | |
|---|---|
| എസ്റ്റിമേറ്റ് | 1000000 |
| കരാറുകാരൻ | ശ്രീ സുനിൽ കുമാർ |
| പി എ സി | 898808 |
| എഗ്രിമെന്റ് നം / തീയതി | 23/18-19/04-09-18 |
| എം ബുക്ക് നം | 61/18 |
| ട്രഷറി ബിൽ / തീയതി | 54/19-03-19 |

ഈ റോഡ് കോൺക്രീറ്റ് പ്രവൃത്തിയുടെ ഒന്നാം ഇനമായി “Earth work excavation by mechanical means (Hydraulic excavator).........."എന്ന വേല $24m^3$ നിർവ്വഹിക്കുന്നതിന് 4682.40 രൂപ എസ്റ്റിമേറ്റിൽ വകയിരുത്തിയിരുന്നു ($24m^3$ @195.10/$m^3$). കൂടാതെ മൂന്നാം ഇനമായി "Filling up low lying and water logged areas with local material/Quarry muck......... subgrade"എന്ന വേല $27m^3$ നിർവ്വഹിക്കുന്നതിന് 24155.01 രൂപയും വകയിരുത്തിയിരുന്നു ($27m^3$ @894.63/$m^3$). $27m^3$ഫില്ലിംങ്ങ് നടത്തിയതിന് കരാറുകാരൻ ക്വാട്ട് ചെയ്തിരുന്ന 875/$m^3$ നിരക്കിൽ 23625/-രൂപ അനുവദിച്ച് നല്കിയിട്ടുണ്ട്. അളവുപുസ്തക പ്രകാരം കുഴിക്കലിന്റെ ഭാഗമായി ലഭിച്ച $24m^3$ മണ്ണും ക്വാറിമക്കിന്റെ മുകളിൽ ഉപയോഗിച്ചു എന്നാണ് എൻജിനീയർ രേഖപ്പെടുത്തിയിട്ടുള്ളത്(പേജ് നം. 3).എന്നാൽ ലോക്കൽ മെറ്റീരിയലോ ക്വാറിമക്കോ ഉപയോഗിച്ചുള്ള $27m^3$ ഫില്ലിംഗ് മാത്രമാണ് അംഗീകൃത എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ളുവെന്നിരിക്കെ അതിനുമുകളിൽ $24m^3$ ഫില്ലിംങ്ങ് കൂടി നടത്തേണ്ടതില്ല. കൂടാതെ ക്വാറിമക്ക് ഫില്ലിംങ്ങിനു ശേഷം സിമന്റ് കോൺക്രീറ്റ് ആണ് നടത്തിയതെന്നിരിക്കെ ക്വാറിമക്കിനു പുറമേ മറ്റൊരു ഫില്ലിംങ്ങിന്റെ ആവശ്യകത വ്യക്തവുമല്ല. കുഴിക്കലിലൂടെ ലഭിച്ച മണ്ണിന്റെ അളവ് കഴിച്ച് ശേഷിച്ച അളവിന് മാത്രമാണ് ഫില്ലിങ്ങിന് തുക നൽകേണ്ടതുള്ളുവെന്നിരിക്കെ അപ്രകാരം ചെയ്യാതിരിക്കുകവഴി അധികചെലവിന് ഇടയാക്കിയിട്ടുണ്ട്.

ഇതിൻമേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഉറപ്പില്ലാത്ത സബ്-ബേസിന്റെ Safe bearing capacity ഉയർത്തൻ വേണ്ടിയാണ് ക്വാറിമക്ക് ഫില്ലിങ്ങ് ഉൾപ്പെടുത്തിയതെന്നും അതിനുമുകളിൽ മറ്റ് ഫില്ലിങ്ങ് പാടില്ല എന്ന് യാതൊരുനിബന്ധനയുമില്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ എ.ഇ. മറുപടി നൽകി. എന്നാൽ ക്വാറിമക്കിനു മുകളിൽ കുഴിച്ചെടുത്ത ലൂസ് മണ്ണ് ഫില്ലുചെയ്താൽ Safe bearing capacity കുറയുകയാണ് എന്നതിനാലും, ഇപ്രകാരം ഒരു അധികഫില്ലിങ്ങ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല എന്നതിനാലും മറുപടി തൃപ്തികരമല്ല. ആകയാൽ ഈ മറുപടിയുടെ സാങ്കേതിക പരിശോധനയ്ക്ക് ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു. കുഴിക്കലിലൂടെ ലഭിച്ച ഉപയോഗയോഗ്യമായ മണ്ണിന്റെ അളവ് ഫില്ലിങ്ങിൽ കുറക്കുകയോ അതിന്റെവില കരാറുകാരനിൽ നിന്നും ഈടാക്കുകയോ ചെയ്യാത്തതു വഴി അധികചെലവായ 21000/-രൂപ (24*@875) ഓഡിറ്റിൽ തടസ്സപെടുത്തുന്നു.

## 1-25 ആസ്തി രജിസ്റ്ററിന്റെ പരിപാലനത്തിൽ വീഴ്ച

പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്ററിന്റെ പരിപാലനത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ നിലനിൽക്കുന്നു.

1. പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ മുഴുവൻ വിവരങ്ങൾ ഉൾക്കൊള്ളിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പരിശോധനയ്ക്കു ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ അപൂർണ്ണവും, രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തൽ വരുത്താത്തവയുമാണ്. കൂടാതെ ഈ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങളാകട്ടെ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നവയല്ല.

   ഉദാ: എ) 2018-19 വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തി "ഇലഞ്ഞിനിൽക്കുന്നതിൽ-വടക്കേക്കര റോഡ്" 212m നീളത്തിൽ കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ആസ്തിരജിസ്റ്ററിലാകട്ടെ ഇത് 322m ഗ്രാവൽ റോഡ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

   ബ) മൂലപ്ലാം ചുവട്-വലക്കടവുംപാട് റോഡ് തൻവർഷം 620m റീടാർ ചെയ്തിട്ടുണ്ട്. എന്നാൽ ആസ്തി രജിസ്റ്ററിൽ ഇത് 390m ടാർ, 410m ഗ്രാവൽ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2. ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളിന്മേൽ ബ്ലോക്ക് പഞ്ചായത്ത് നടത്തുന്ന നിർമ്മാണ പ്രവൃത്തിയുടെ വിവരം ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾക്കൊള്ളിക്കുന്നില്ല.

3. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് എം.പി/എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന നിർമ്മാണ പ്രവൃത്തികളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾക്കൊള്ളിക്കുന്നില്ല.

4. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റോഡുകളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന റോഡ് രജിസ്റ്ററും, റോഡ് മാപ്പും സൂക്ഷിച്ചിട്ടില്ല.

ആസ്തിരജിസ്റ്റർ കാലികമാക്കാത്തത് പ്രവൃത്തികളുടെ ഇരട്ടിപ്പിനും അതുവഴി അധികചെലവിനും,ആസ്തികളുടെ കൈയ്യേറ്റത്തിനും ഇടയാക്കുമെന്നതിനാൽ അപാകതകൾ പരിഹരിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

<u>പ്രോജക്ട് നം. 109/18-19</u>

പ്ലാൻ ഫണ്ട് :- 29,53,116

തനതുഫണ്ട് :- 46,884

ജില്ലാപഞ്ചായത്ത് വിഹിതം :-20,00,000

ആകെ <u>50,00,000/-</u>

സബ്സിഡി ധനസഹായം- അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച 14-02-2018 ലെ സ.ഉ.(കൈ) നം.22/2018 നമ്പർ മാർഗ്ഗരേഖ പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതിയിൽ, പഠന സൌകര്യം ഉറപ്പാക്കാൻ വീടിനോട് ചേർന്ന് പഠനമുറി നിർമ്മിക്കാവുന്നതും, ഇതിനായി പരമാവധി 2,00,000/- രൂപ വരെ അസിസ്റ്റന്റ് എഞ്ചിനിയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രീ. സഹദേവൻ, കക്കോട് അഭിഷേക് ഭവൻ, കാരയ്ക്കാട് എന്ന വ്യക്തിക്ക് നിലവിലുള്ള മുറി പഠനമുറിയാക്കി മാറ്റിയിട്ടുള്ളതിനാൽ വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കില്ലായെന്ന് 23-03-2020 ൽ അസിസ്റ്റന്റ് എഞ്ചിനിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓവർസിയറുടെ റിപ്പോർട്ട് പ്രകാരവും നേരിട്ടും പരിശോധന നടത്തിയതിൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായിട്ടാണ് നിർമ്മാണം പൂർത്തിയാക്കിയട്ടുള്ളതെന്നും നിലവിലുള്ള മുറി പഠനമുറിയായി മാറ്റുവാൻ പാടില്ലായെന്നുള്ളതിനാൽ വാല്യുവേഷൻ നൽകാൻ സാധിക്കില്ലായെന്നും നിയമാനുസൃതമായ തുടർനടപടി കൈക്കൊള്ളണമെന്നും ആവശ്യപ്പെട്ടാണ് അസിസ്റ്റ് എഞ്ചിനിയർ റിപ്പോർട്ട് നൽകിയിട്ടുള്ളത്. എന്നാൽ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം 1,00,000/- രൂപ ആനുകൂല്യം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| 1. | ബിൽ നം.14/18-19, തീയതി 16-11-2018 | 50,000 | മൊത്തം ബിൽ |
| 2. | ബിൽ നം.21/18-19, തീയതി 11-01-2019. | 50,000 | (തുക 150000 |
| | | 1,00,000 | തുക 300000) |

29-06-2020 ലെ പഞ്ചായത്ത് കമ്മറ്റിയുടെ 13-ാം നമ്പർ തീരുമാന പ്രകാരം അസിസ്റ്റന്റ് എഞ്ചിനിയറെ വാല്യുവേഷൻ എടുക്കാൻ വീണ്ടും ചുമതലപ്പെടുത്തിയിട്ടുണ്ട്. സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നിർമ്മാണം നടത്തിയിട്ടുള്ളതിനാൽ, അനുവദിച്ചിട്ടുള്ള 1,00,000/- രൂപ അടയന്തിരമായി ശ്രീ. സഹദേവൻ, കക്കോട് എന്ന വ്യക്തിയിൽ നിന്നും തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

<u>അസിസ്റ്റന്റ് എഞ്ചിനിയറുടെ മൂല്യനിർണ്ണയത്തിൽ അധികരിച്ച് തുക അനുവദിച്</u>ച്ച

സുഭാഷ്.കെ.വി. വാർഡ് നം. 14, വാഴക്കുട്ടത്തിൽ, അരീക്കര എന്ന വ്യക്തിക്ക് ആനുകൂല്യം നൽകിയതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, അസിസ്റ്റന്റ് എഞ്ചിനിയറുടെ മൂല്യനിർണ്ണയത്തിൽ അധികരിച്ച് ധനസഹായം നൽകിയതായി

കാണുന്നു. അസിസ്റ്റന്റ് എഞ്ചിനിയർ മൂല്യംനിർണ്ണയിച്ചിട്ടുള്ളത് 1,45,000/-രൂപ മാത്രമാണ്. എന്നാൽ 1,75000/- രൂപ താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം അനുവദിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| 1. | ബിൽ നം.4/18-19, തീയതി 17-09-2018 | 50,000 | ആകെ ബിൽ തുക 150000 |
| 2. | ബിൽ നം.14/18-19, തീയതി 16-11—2018 | 50,000 | ആകെ ബിൽ തുക 150000 |
| 3. | ബിൽ നം.21/18-19, തീയതി 11—01-2019 | 50,000 | ആകെ ബിൽ തുക 300000 |
| 4. | ബിൽ നം.26/18-19, തീയതി 20-02-2019. | 50,000 | ആകെ ബിൽ തുക 75000 |
| | | 1,75,000 | |

മേൽപ്പറഞ്ഞ അപാകതകളിന്മേൽ വിശദീകരണം/രേഖകൾ അടിയന്തിരമായി പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15 തീയതി 17-11-2020) മറുപടി ലഭിച്ചിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധികം ചെലവഴിച്ച 30,000/- രൂപ ശ്രീ.സുഭാഷ്.കെ.വി-ൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തീരുന്നതാണ്.

## 1-27 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. 5,77,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2018-19 വർഷം സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന നിക്ഷേപ പ്രവർത്തികൾ പരിശോധിച്ചതിൽ, നിർവ്വഹണ ഏജൻസിയുമായി കരാർവെക്കാതെയാണ് തുക കൈമാറിയിട്ടുള്ളത്. കൂടാതെ, പ്രവർത്തികളുടെ വിനിയോഗ സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കുകയോ പദ്ധതികളുടെ തുടർ പുരോഗതി വീക്ഷിക്കുകയോ ചെയ്തു കാണുന്നില്ല. പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് വിവരം | ബിൽനം/ തീയതി | തുക | ഫണ്ട് വിവരം | നിർവ്വഹണ ഏജൻസി |
|---|---|---|---|---|---|
| 1 | പകൽ വീട് ഇലക്ട്രിഫിക്കേഷൻ (പ്രോജക്റ്റ് നം.116/18-19) | ബിൽ നം 111/18-19 തീയതി 31-10-2018 | 77,000/- | വികസനഫണ്ട് (പൊതുവിഭാഗം) | പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ ഡിവിഷൻ |
| 2 | എൽ.പി. സ്കൂളുകളുടെ വയറിംഗ് അറ്റകുറ്റപ്പണികളും ഉപകരണങ്ങൾ ലഭ്യമാക്കലും | ബിൽ നം 12/18-19 തീയതി13-11-2018 | 3,00,000/ | മെയന്റനൻസ് ഫണ്ട്(നോൺ റോഡ്) | പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ ഡിവിഷൻ |
| 3 | ഗ്രാമപഞ്ചായത്ത് കംപ്യൂട്ടർ നെറ്റ് വർക്കിംഗ് (പ്രോജക്റ്റ് നം 227/18-19) | ചെക്ക് നം-1407353 04-01-2019 | 2,00,000/- | തനതുഫണ്ട് | പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ ഡിവിഷൻ |
| | ആകെ | | 5,77,000/- | | |

കരാർ ചമച്ചതിന്റെ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/11-11-2020) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാർ കൂടാതെ നിക്ഷേപ പ്രവർത്തികൾക്ക് തുക കൈമാറുന്നത് കാരണം വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെ വരുന്ന സാഹചര്യമുണ്ടാകുന്നു. അതിനാൽ പ്രസ്തുത പ്രവർത്തികൾക്കായി ചെലവഴിച്ച തുക 5,77,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽപ്പറഞ്ഞ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതും പദ്ധതികളുടെ പുരോഗതി വീക്ഷിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-28 പട്ടികജാതിയിൽപ്പെട്ട പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹ ധനസഹായം -75,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2018-19 വർഷം അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പട്ടികജാതിയിൽപ്പെട്ട പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹ ധനസഹായം എന്ന പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ, ഓമന, മലയിരിക്കുന്നതിൽ വടക്കേതിൽ, കൊഴുവല്ലൂർ എന്ന വ്യക്തിക്ക് 75,000/- രൂപ ധനസഹായം നൽകിയിട്ടുള്ളത് പട്ടികജാതി വകുപ്പിൽനിന്ന് ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന് ഉറപ്പ് വരുത്താതെയാണ്. സ.ഉ.(കൈ) നം. 22/2018/ത.സ്വ.ഭ.വ, തീയതി 14-02-2018 പ്രകാരം മറ്റ് വകുപ്പുകളിൽ നിന്ന് ധനസഹായം ലഭിച്ചിട്ടില്ലായെന്ന് ഉറപ്പ് വരുത്തണമെന്ന് പ്രത്യേകം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബിൽ നം. 1/18-19 തീയതി 14-08-2018 [225000]പ്രകാരം 75000/- രൂപ മേൽപ്പറഞ്ഞപ്രകാരം ധനസഹായം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. അർഹതാ രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്താതിനാൽ പ്രസ്തുത ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ ഇതേ ആവശ്യത്തിന് ധനസഹായം കൈപ്പറ്റിയിട്ടില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - 25,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2018-19 വർഷം അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം.s00110/19) എന്ന പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ, അനു സുരേഷ്, സുനിലാലയം (വാർഡ് നം.10) കൊഴുവല്ലൂർ എന്ന വിദ്യാർത്ഥിക്ക് പട്ടികജാതി വകുപ്പിൽനിന്ന് ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന് ഉറപ്പ് വരുത്താതെയാണ് ആനുകൂല്യം നൽകിയിട്ടുള്ളത്.

സ.ഉ.(കൈ) നം.22/2018/ത.സ്വ.ഭ.വ, തീയതി 14-02-2018 ലെ കുറിപ്പ് പ്രകാരം ഒരാൾക്ക് ഒന്നിൽ കൂടുതൽ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നോ വകുപ്പിൽ നിന്നോ ധന സഹായത്തിന് അർഹതയില്ലായെന്ന് പ്രത്യേകം വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ ഗുണഭോക്താവിന് പട്ടികജാതി വകുപ്പിൽനിന്ന് ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന് ഉറപ്പാക്കേണ്ടതാണ്.

എന്നാൽ ബിൽ നം.06/18-19 തീയതി 17-09-2018 പ്രകാരം 25,000/- രൂപയുടെ ധനസഹായം ഗുണഭോക്താവിന് നൽകിയിട്ടുണ്ട്. മേൽ വിഷയം സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.15 തീയതി 17-11-2020)നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടില്ല._അർഹതാ രേഖകളുടെ അഭാവത്തിൽ ഇതിനായി ചെലവഴിച്ച 25,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ഇതേ ആവശ്യത്തിന് ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 ടെണ്ടർ ക്ഷണിക്കാതെ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ ലിമിറ്റഡിൽനിന്ന് നടീൽ വസ്തുക്കൾ വാങ്ങി വിതരണം ചെയ്തിരിക്കുന്നു

കൃഷി ഓഫീസർ നിർവഹണം നടത്തിയ ചുവടെ പറയുന്ന പ്രോജക്ടുകൾ പ്രകാരം ടെണ്ടർ ക്ഷണിക്കാതെ നടീൽ വസ്തുക്കൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

1) പ്രോജക്ട് നം -48/19

പ്രോജക്ടിന്റെ പേര് - വനിതാ ഗ്രൂപ്പുകൾക്ക് ഇടവിള വിത്ത്

ചെലവ് തുക – 650000 ( ട്രഷറി ബിൽ നം -03/18-19/17-12-18 )

95500 ( ട്രഷറി ബിൽ നം -06/18-19/14-01-19 )

മേൽ തുക ചെലവഴിച്ച് ചേന, കാച്ചിൽ, കൂർക്ക, നനകിഴങ്ങ്, ചേമ്പ് (ഓരോയിനവും 2982 kg വീതം) എന്നിവ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ ലിമിറ്റഡിൽനിന്ന് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

2 ) പ്രോജക്ട് നം - 230/19

പ്രോജക്ടിന്റെ പേര് -കുറ്റിക്കുരുമുളകും ജൈവവളവും

ചെലവ് തുക - 78526/- (ട്രഷറി ബിൽ നം. 08/18-19/22-03-19 )

395 പായ്ക്കറ്റ് കുറ്റിക്കുരുമുളകും Bonemeal, coirpith compost, Neem cake എന്നീ വളങ്ങളും വാങ്ങി 79 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്

സർക്കാർ ഉത്തരവ് (കൈ)നം. 22/2018/ത.സ്വ.ഭ.വ 14-02-2018 ഖണ്ഡിക 6.1 (4) പ്രകാരം കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, VFPCK എന്നിവയിൽ നിന്ന് വാങ്ങുമ്പോൾ യഥാർഥ വില നല്കാവുന്നതാണ്. എന്നാൽ ഈ വിഭാഗത്തിൽ ഉൾപ്പെടാത്ത കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ ലിമിറ്റഡിൽനിന്ന് ടെണ്ടർ ക്ഷണിക്കാതെ സാധനങ്ങൾ വാങ്ങിയിരിക്കുകയാണ്. ജി.ഒ. (പി) നം. 259/2010/ത.സ്വ.ഭ.വ. 08-11-2018 (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ) പ്രകാരം 50000/- രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ ടെണ്ടർ ക്ഷണിച്ച് നടപ്പിലാക്കേണ്ടതാണ്. കൂടാതെ നിർവഹണോദ്യോഗസ്ഥൻ കൺവീനറായിട്ടുള്ള വാങ്ങൽ ടീം രൂപീകരിക്കേണ്ടതും പഞ്ചായത്ത് തലത്തിലുള്ള പ്രൊക്യൂവർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ വാങ്ങൽ നടത്തേണ്ടതുമാണ്. ഈ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. പദ്ധതി നിർവ്വഹണം സംബന്ധിച്ച് മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം തേടി നല്കിയ ഓഡിറ്റ് എൻക്വയറി നം. 5 ന് ലഭ്യമാക്കിയ വിശദീകരണത്തിൽ സർക്കാർ അംഗീകൃത സ്ഥാപനമായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ ലിമിറ്റഡിൽനിന്ന് കാർഷിക സാമഗ്രികൾ ക്വട്ടേഷൻ കൂടാതെ നേരിട്ട് വാങ്ങാവുന്നതാണെന്ന കൃഷിവകുപ്പ് ഡയറക്ടറുടെ 15.03.2017ലെ സർക്കുലറിൽ നിർദ്ദേശിക്കുന്നതിൻ പ്രകാരമാണ് പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത് എന്നറിയിച്ചിട്ടുണ്ട്. എന്നാൽ കൃഷി വകുപ്പ് ഡയറക്ടറുടെ പ്രസ്തുത സർക്കുലറിൽ കാർഷിക യന്ത്രോപകരണങ്ങളും അതുമായി ബന്ധപ്പെട്ട സാമഗ്രികളും ആണ് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും ടെണ്ടർ ക്ഷണിക്കാതെ വാങ്ങാനാണ് അനുമതി നൽകിയിട്ടുള്ളത് എന്നതിനാൽ ഈ മറുപടി അംഗീകരിക്കുന്നില്ല. പദ്ധതി നിർവ്വഹണ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായിട്ടാണ് വാങ്ങൽ നടത്തിയത് എന്നതിനാൽ പ്രസ്തുത വാങ്ങൽ പ്രക്രിയക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം ചെലവഴിച്ച തുക ഉത്തരവാദികളായവരിൽ നിന്നും തിരികെ ഈടാക്കുകയോ ചെയ്ത് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. 824026/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-31** സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ 400000 രൂപ സബ്സിഡി നല്കാനായി വിനിയോഗിച്ചിരിക്കുന്നു

പ്രോജക്ട് നം - 45/19

പ്രോജക്ടിന്റെ പേര് -വെറ്റിലകൃഷി പ്രോത്സാഹനം

നിർവഹണം - കൃഷി ഓഫീസർ

ചെലവ് തുക 400000 ( ട്രഷറി ബിൽ നം 05/18-19/15-01-19 )

പ്രോജക്ടിന്റെ നിർവഹണം സംബന്ധിച്ച് പ്രോജക്ട് ഫോറത്തിൽ ചേർത്തിരിക്കുന്ന വിശദാംശം എന്നത് കർഷകൻ സ്വന്തമായോ പാട്ടത്തിനോ കുറഞ്ഞത് ഒരു സെന്റ് സ്ഥലത്ത് വെറ്റില കൃഷി ചെയ്തിരിക്കണം . ഒരു യൂണിറ്റിനെ ഒരു സെന്റായി കണക്കാക്കി യൂണിറ്റ് ഒന്നിന് 500/- രൂപ നിരക്കിൽ ആനുകൂല്യം നല്കുന്നു . കർഷകൻ സ്വന്തമായി ഉല്പാദനോപാധികൾ വാങ്ങി കൃഷി ചെയ്യേണ്ടതാണ് . മേൽ തുക 75 ഗുണഭോക്താക്കൾക്ക് സബ്സിഡി തുക നല്കാനായി വിനിയോഗിച്ചിട്ടുണ്ട് . 58 ഗുണഭോക്താക്കൾക്ക് 5000 രൂപ നിരക്കിലും 16 ഗുണഭോക്താക്കൾക്ക് 7000 രൂപ നിരക്കിലും 1 ഗുണഭോക്താവിന് 10000 രൂപയും സബ്സിഡി നല്കിയിട്ടുണ്ട് .

പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ ചാണകം വാങ്ങിയതു സംബന്ധിച് വെള്ള പേപ്പറിൽ എഴുതി തയ്യാറാക്കിയ ബിൽ മാത്രമാണ് ചെലവ് വൗച്ചറായി ഉൾപ്പെടുത്തിയിട്ടുള്ളത് വളം വാങ്ങിയത് സംബന്ധിച്ച അംഗീകൃത ബിൽ ഫയലിനൊപ്പം വച്ചിട്ടില്ല . കൃഷി അസിസ്റ്റന്റിന്റെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി തുക നല്കിയിരിക്കുന്നത് . വിള ഇൻഷ്വർ ചെയ്തിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ സ.ഉ. (കൈ ) നം . 22/2018/ ത . സ്വ . ഭ . തീയതി 14-02-2018 ഖണ്ഡിക 6.1.1 പ്രകാരം

കാർഷിക കർമ്മ സേനകൾ , കർഷക ഗ്രൂപ്പുകൾ , കർഷകർ , കുടുംബശ്രീ/അയൽ കൂട്ടങ്ങൾ , ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ തുടങ്ങിയവർ പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന ജൈവ വളങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനം നടത്തുന്ന മാലിന്യ സംസ്കരണ പ്ലാന്റുകൾ , സഹകരണ സ്ഥാപനങ്ങൾ നേരിട്ട് ഉല്പാദിപ്പിക്കുന്നവ എന്നിവയിൽ നിന്ന് നേരിട്ട് കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റിയുടെ അനുമതിയോടെ കൃഷിക്കാർ വാങ്ങി ഉപയോഗിക്കേണ്ടതാണ് . ഇത്തരത്തിൽ ലഭ്യമല്ലാത്ത സംഗതികളിൽ ലോക്കൽ പർച്ചേസ് നടത്താവുന്നതാണ് . കേരളത്തിൽ ഉല്പാദിപ്പിക്കുന്നതും കൃഷി വകുപ്പ് , ശുചിത്വമിഷൻ സാക്ഷ്യപ്പെടുത്തിയതുമായ ജൈവ വളങ്ങൾക്ക് മുൻഗണന നല്കണം . എന്നാൽ വളം വാങ്ങലുമായി ബന്ധപ്പെട്ട് മേൽ നിർദേശങ്ങൾ ഒന്നും പാലിച്ചിട്ടില്ല.

മേൽ സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 5 പ്രകാരം പ്രത്യേകമായി എടുത്ത് പരാമർശിച്ചിട്ടില്ലാത്ത ഇനങ്ങൾക്ക് ക്യാഷായി സബ്സിഡി നല്കാൻ പാടില്ലാത്തതാണ് . വെറ്റിലക്കൃഷി പ്രോൽസാഹനം എന്നയിനം ക്യാഷായി സബ്സിഡി നല്കാൻ കഴിയുന്ന ഒരു ഇനമായി മാർഗ്ഗരേഖയിൽ എടുത്ത് പറഞ്ഞിട്ടില്ല. ഈ പ്രോജക്ടിന്റെ നിർവഹണം സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ . മേൽ കാരണങ്ങളാൽ ചെലവ് തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല . സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിക്കാതെ ചെലവഴിച്ച തുക 400000 രൂപ നിർവഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറിൽ നിന്ന് ഈടാക്കി വികസന ഫണ്ടിലേക്ക് അടക്കേണ്ടതാണ് .

## 1-32** നിർവഹണത്തിലെ അപാകത 14000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

പ്രോജക്ട് നം 119/2020

കാടവളർത്തൽ പദ്ധതി (ജനറൽ)

ചെലവ് തുക 14000/-

ട്രഷറി ബിൽ 20/18-19/21-02-19

നിർവഹണം -വെറ്റിനറി സർജൻ

കാടക്കോഴിക്ക് 30 രൂപ നിരക്കിലും ഒരു കൂടിന് 5000 രൂപ നിരക്കിലുമാണ് വാങ്ങൽ നടത്തിയിട്ടുള്ളത് . കാടക്കോഴിയുടെ പ്രായം , കൂടിന്റെ അളവ് എന്നിവ സാധനം സപ്ലൈ ചെയ്ത സ്ഥാപനത്തിന്റെ ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല . വെറ്റിനറി സർജൻ രേഖപ്പെടുത്തിയിട്ടുള്ള സാക്ഷ്യപ്പെടുത്തലിലും കാടക്കോഴിയുടെ പ്രായം , കൂടിന്റെ അളവ് എന്നിവ സാക്ഷ്യപ്പെടുത്തിയിട്ടില്ല.ജില്ലാ വില നിർണയ സമിതിയുടെ ഉത്തരവ് പ്രകാരം 5 ആഴ്ച മേൽ പ്രായമുള്ള കാടക്കോഴിക്കാണ് 30 രൂപ അനുവദനീയമായിട്ടുള്ളത് കൂട് ഹൈ ഡെൻസിറ്റി ഫ്രെയിം ഉപയോഗിച്ചുള്ളതും 12 ചതുരശ്ര അടി വിസ്തീർണമുള്ളതും ആയിരിക്കണം. വാങ്ങിയ കാടയുടെയും കൂടിന്റെയും സ്പെസിഫിക്കേഷൻ സർക്കാർ അംഗീകൃത നിരക്കിലാണോയെന്നത് നിർവഹണോദ്യോഗസ്ഥൻ ഉറപ്പാക്കിയിട്ടില്ല. ലഭിച്ച സാധനങ്ങൾ കറക്ട് എണ്ണവും ശരിയായ കണ്ടീഷനിലുമാണെന്ന് മാത്രമാണ് നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുള്ളു . പദ്ധതി പ്രവർത്തനം വർക്കിംഗ് ഗ്രൂപ്പ് മോണിട്ടർ ചെയ്തിട്ടില്ല. സ.ഉ.(കൈ ) നം . 22/2018/ത.സ്വ.ഭ.വ/ തിരുവനന്തപുരം 14-02-2018 (ഖണ്ഡിക 6.2) പ്രകാരം വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ ചെയർമാനായും വെറ്റിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളായിട്ടുമുള്ള കമ്മിറ്റി പഞ്ചായത്ത് പ്രൊക്യൂവർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ പക്ഷികളെ നേരിട്ട് വാങ്ങേണ്ടതാണ് . മേൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. കൂടിന്റെ വാല്യുവേഷൻ ഗ്രാമ പഞ്ചായത്തിന്റെ എഞ്ചിനീയർ /ഓവർസീയർ എടുക്കേണ്ടതാണ് . എന്നാൽ ഇപ്രകാരം വാല്യുവേഷന് എടുത്തിട്ടില്ല.

അപാകത സംബന്ധിച്ച് നല്കിയ എൻക്വയറി 03 ന് നല്കിയ വിശദീകരണത്തിൽ 7ആഴ്ച പ്രായമുള്ള കാടക്കോഴികളെയാണ് വാങ്ങിയതെന്നും 120cm നീളവും 60cm വീതിയും 25cm പൊക്കവുമുള്ള ഹൈഡെൻസിറ്റി കൂട് പ്രൊക്യൂവർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ വാങ്ങി നല്കിയതായി മറുപടിയിൽ നിർവഹണ ഉദ്യോഗസ്ഥൻ വിശദീകരിക്കുന്നു. എന്നാൽ ഇത് സംബന്ധിച്ച രേഖപ്പെടുത്തൽ പ്രൊക്യൂവർമെന്റ് കമ്മിറ്റിയുടെ മിനിറ്റ്സിൽ വരുത്തിയിട്ടില്ല. മേൽ കാരണങ്ങളാൽ ചെലവ് തുക 14000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-33 ചെലവ് രേഖകൾ പൂർണ്ണമല്ല – 949500 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു .

പ്രോജക്ട് നം 51/19

പ്രോജക്ടിന്റെ പേര് -വീട് വാസയോഗ്യമാക്കൽ

വി.ഇ.ഒ. നിർവഹണം നടത്തിയ മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് സുലേഖ ചെലവ് പത്രിക പ്രകാരം 949500 രൂപ ചെലവുണ്ട് . ഇതിൽ 474500 രൂപ വികസന ഫണ്ടിൽ നിന്നും 475000 രൂപ തനത് ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത് . ഇതിൽ വികസന ഫണ്ടിനത്തിലുള്ള 474500 രൂപയുമായി ബന്ധപ്പെട്ടുള്ള ഒരു ചെലവ് രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല .

തനത് ഫണ്ടിൽ നിന്നുള്ള 100000 രൂപ രണ്ട് ഗുണഭോക്താക്കൾക്ക് നല്കിയത് സംബന്ധിച്ച വി.ഇ.ഒ.യു ടെ ബില്ലും, ഉത്തരവ് നടപടിക്രമവും ഗുണഭോക്താക്കളുടെ അപേക്ഷയും ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട് . ഇത് കൂടാതെ 300000 രൂപ ഈ പ്രോജക്ടിന്റെ ചെലവിലേക്കായി സെക്രട്ടറി വി.ഇ.ഒ.ക്ക് നല്കിയത് സംബന്ധിച്ച സെക്രട്ടറിയുടെ നടപടിക്രമവും ചെക്കിന്റെ കോപ്പിയും ഫയലിൽ ഉണ്ട് . എന്നാൽ ഈ തുക ഏതൊക്കെ ഗുണഭോക്താക്കൾക്ക് നല്കിയെന്നത് സംബന്ധിച്ച വി.ഇ.ഒ. തയ്യാറാക്കിയ ബില്ലോ , നടപടി ഉത്തരവോ ഫയലിൽ ലഭ്യമല്ല . ഈ പ്രോജക്ടുമായി ബന്ധപ്പെട്ടുള്ള വികസന ഫണ്ടിനത്തിലുള്ള ചെലവിന്റെയും തനത് ഫണ്ടിനത്തിൽ രേഖകൾ ഹാജരാക്കാത്ത 300000 രൂപയുടെ ചെലവിന്റെയും മുഴുവൻ ബില്ലുകളും , ചെലവ് സംബന്ധിച്ച വി. ഇ. ഒ. യുടെ നടപടി ഉത്തരവുകളും ഗുണഭോക്താക്കളുടെ അപേക്ഷയും ഓഡിറ്റിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് . അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം 14 ന് വി.ഇ.ഒ. നല്കിയ മറുപടിയിൽ ചെലവ് രേഖകൾ പൂർണമാക്കി ഓഡിറ്റിൽ പരിശോധനക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് . ചെലവ് രേഖകളുടെ അഭാവത്തിൽ ചെലവ് തുക 774500 രൂപ ( 474500 (വികസന ഫണ്ട് ) + 300000 ( തനത് ഫണ്ട് ) )തടസ്സത്തിൽ വയ്ക്കുന്നു.

## 1-34 വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല -ചെലവ് തുക 156250 രൂപ തടസ്സത്തിൽ വയ്ക്കുന്നു .

പ്രോജക്ട് 31/19

പ്രോജക്ടിന്റെ പേര്- പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി ( ജനറൽ )

ചെലവ് തുക – 156250

ട്രഷറി ബിൽ . നം - 10/18-19/27-11-18

നിർവഹണം - വെറ്റിനറി സർജൻ

കാലിത്തീറ്റ സബ്സിഡിക്കായി അസി. ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം ആലപ്പുഴക്ക് നല്കിയ മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെയും ലഭിച്ചിട്ടില്ല .ഇത് സംന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം 03/09-11-2020 നല്കിയ മറുപടിയിൽ വിനിയോഗസാക്ഷ്യ പത്രം ലഭിക്കുന്ന മുറക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് . വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 156250 രൂപ തടസ്സപ്പെടുത്തുന്നു . വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-35 ചെലവ് രേഖകളുടെ അഭാവത്തിൽ 2897310/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

വി.ഇ.ഒ. നിർവഹണം നടത്തിയ 6 പ്രോജക്ടുകളുടെ ചെലവ് സംബന്ധിച്ച യാതൊരു രേഖയും ഓഡിറ്റിൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ചെലവ് തുക | ഫണ്ടിനം |
|---|---|---|---|
| 151/19 | ഭവന നിർമ്മാണം ലൈഫ്-ജനറൽ | 1166435<br>273565 | വികസന ഫണ്ട് ( ജനറൽ )<br>തനത്ഫണ്ട് |
| 152/19 | ഭവന നിർമ്മാണം ലൈഫ്-ജനറൽ (SCP ) | 280000 | വികസന ഫണ്ട് (SCP ) |
| 153/19 | ലൈഫ് പണിപൂർത്തിയാകാത്ത വീടുകൾക്ക് ധനസഹായം | 20000 | തനത്ഫണ്ട് |
| 154/19 | വീട് മേൽക്കൂരമാറ്റൽ-ജനറൽ | 255000 | വികസന ഫണ്ട് ( ) |
| 157/19 | വിധവകളുടെ വീട് മേൽക്കൂരമാറ്റൽ | 505000 | വികസന ഫണ്ട് ( ജനറൽ ) |
| 165/19 | വീട് വാസയോഗ്യമാക്കൽ -ജനറൽ | 397310 | തനത്ഫണ്ട് |

ആകെ 2897310

മേൽ രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് റിക്വിസിഷൻ , ഓഡിറ്റ് എൻക്വയറി നം 12 എന്നിവ നല്കിയിരുന്നു . വി.ഇ.ഒ ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത പദ്ധതികളുടെ നിർവഹണോദ്യോഗസ്ഥനായ ശ്രീ അനിൽകുമാറിനെ വിവരം അറിയിച്ചിട്ടുണ്ടെന്നും അദ്ദേഹം നേരിട്ടെത്തി ഫയലുകൾ കണ്ടെത്തി ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് . ചെലവ് രേഖകളുടെ അഭാവത്തിൽ മേൽ പ്രോജക്ടുകൾക്കായി ചെലവഴിച്ച 2897310/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു . ചെലവ് രേഖകൾ ഓഡിറ്റിൽ പരിശോധനക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-36 ലൈഫ് ഭവന പദ്ധതി ചെലവ് രേഖകൾ യഥാവിധി സൂക്ഷിച്ചിട്ടില്ല. - ചെലവ് തുക 7920000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

വി.ഇ.ഒ. നിർവഹണം നടത്തിയ ലൈഫ് ഭവന നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ചെലവ് തുക |
|---|---|---|
| 09/2019 | ലൈഫ് ഭവന നിർമ്മാണം (ജനറൽ ) | 4320505 രൂപ (വികസന ഫണ്ട് )<br>3239495 (ഹഡ്കോ ലോൺ ) |
| 10/19 | ലൈഫ് ഭവന നിർമ്മാണം (SCP) | 360000 (വികസന ഫണ്ട്(SCP)) |

ലൈഫ് ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് നടപ്പാക്കിയ മേൽ പ്രോജക്ടുകളുടെ പരിശോധനയിൽ രജിസ്റ്ററുകളും രേഖകളും കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടു . അക്വിറ്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 33 ഗുണഭോക്താക്കൾ ജനറൽ വിഭാഗത്തിലും 7 ഗുണഭോക്താക്കൾഎസ്.സി.വിഭാഗത്തിലും ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട് . എന്നാൽ ഗഡു തുക വിതരണം ചെയ്ത തീയതി ഗഡു ഏത് ഫണ്ടിൽ നിന്ന് എന്നിവ ചേർത്ത് രജിസ്റ്ററിലെ വിവരങ്ങൾ പൂർണവും ആധികാരികവുമാക്കിയിട്ടില്ല. അപേക്ഷകൾ പരിശോധിച്ചതിൽ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തീകരിച്ചതിന്റെ ഫോട്ടോ , വിവിധ ഘട്ടങ്ങൾ പൂർത്തീകരിച്ചത് സംബന്ധിച്ച നിർവഹണോദ്യോഗസ്ഥന്റെ സാക്ഷ്യ പത്രം , ഗഡുതുകകൾ ആവശ്യപ്പെട്ട് ഗുണഭോക്താവ് സമർപ്പിച്ച അപേക്ഷകൾ എന്നിവ അപേക്ഷാ ഫയലിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.മുദ്രപത്രത്തിൽ കരാർ എഴുതിച്ചേർത്തിട്ടില്ല . ലൈഫ് ജനറൽ പ്രോജക്ടിൽ വികസന ഫണ്ടിൽ നിന്ന് 4320505 രൂപ ചെലവ് ഉണ്ടെങ്കിലും 1960505 രൂപയുടെ ട്രഷറി ബിൽ കോപ്പികൾ മാത്രമാണ് പരിശോധനക്ക് ലഭിച്ചിട്ടുള്ളത് .രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | രമണി സുരേഷ് , തവിട്ടു പൊയ്ക വടക്കേക്കര | 40000 |
| 2 | മണിയമ്മാൾ -രംഗരാജൻ , തുണ്ടിക്കാട്ടിൽ താഴത്തേതിൽ | 40000 |
| 3 | സുഭാഷ് , പാല നിൽക്കുന്നതിൽ കിഴക്കതിൽ | 300000 |
| 4 | സുജാത രഘു , പോങ്കാട്ടിൽ (എസ്.സി.) | 40000 |

മേൽപറഞ്ഞിരിക്കുന്ന അപാകതകൾക്ക് വിശദീകരണം തേടി നല്കിയ ഓഡിറ്റ് എൻക്വയറി നം 10 ന് നല്കിയ മറുപടിയിൽ 18-19 സാമ്പത്തിക വർഷത്തിൽ ജനറൽ വിഭാഗത്തിൽ 33 ഗുണഭോക്താക്കളും സ്.സി.വിഭാഗത്തിൽ 3 ഗുണഭോക്താക്കളും കരാർ വച്ചിട്ടുണ്ടെന്നും അപേക്ഷാ ഫയലുകൾ പൂർണമാക്കി ഓഡിറ്റിൽ ലഭ്യമാക്കുന്നതാണെന്നും വി.ഇ.ഒ.മറുപടി നല്കിയിട്ടുണ്ട് .

സുഭാഷ് , പാല നിൽക്കുന്നതിൽ കിഴക്കതിൽ , സുജാത രഘു , പോങ്കാട്ടിൽ (എസ്.സി.) എന്നീ ഗുണഭോക്താക്കൾ 20-21 സാമ്പത്തിക വർഷം വീട് പണി പൂർത്തീകരിച്ചതായി മറുപടി നല്കിയിട്ടുണ്ട് ടി ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിച്ചത് സംബന്ധിച്ച രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. അഡ്വാൻസ് തുക മാത്രം കൈപ്പറ്റിയ ഗുണഭോക്താവായ രമണി സുരേഷ് , തവിട്ടു പൊയ്ക വടക്കേക്കര എന്നയാളിൽ നിന്ന് ഈ തുക തിരികെയീടാക്കി ബന്ധപ്പെട്ട ഫണ്ടിൽ തിരികെ അടക്കേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ് . മണിയമ്മാൾ -രംഗരാജൻ , തുണ്ടിക്കാട്ടിൽ താഴത്തേതിൽ എന്നയാളുടെ വീട് പണി നിലവിൽ തുടർന്നുകൊണ്ടിരിക്കുന്നതായി വി.ഇ.ഒ അറിയിച്ചിട്ടുണ്ട് . ടിയാളുടെ വീട് പണിപൂർത്തീകരിക്കുന്ന മുറക്ക് വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് . ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിച്ച് വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കുന്നതുവരെയും ചെലവ് തുക 7920000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-37 വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല .

പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതാണ് . പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ് . (പദ്ധതി മാർഗ്ഗരേഖ സ . ഉ . ( കൈ ) നം . 11/2018/ത . സ്വ . ഭ . വ ./29-01-2018 ) മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ

ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നല്കേണ്ടതാണ് . വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവഹണ ഉദ്യോഗസ്ഥനാണെങ്കിൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനറായി മറ്റൊരുദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിക്കേണ്ടതാണ് . എന്നാൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല . വരും വർഷങ്ങളിൽ ഈ അപാകത ഒഴിവാക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ് .

## 1-38 ക്രമീകരിക്കുവാൻ ശേഷിക്കുന്ന മുൻകുറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I അനുച്ഛേദം 99 പ്രകാരം മുൻകൂർ കൈപ്പറ്റി 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. നിയമ പ്രകാരമുള്ള സമയപരിധിയ്ക്കകം മുൻകൂർ ക്രമീകരിക്കുന്നതിനുള്ള രേഖകൾ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ തുകയും തുക പിൻവലിച്ച ദിവസം മുതൽ 18% പലിശ കണക്കാക്കി ആയത് സഹിതം തിരികെ ഈടാക്കണമെന്ന് 4/10/11-ലെ ജി.ഒ(പി)419/11/ഫിൻ നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ 2018-19 വർഷങ്ങളിൽ വിവിധ ആവശ്യങ്ങൾക്ക് നൽകിയ മുൻകൂറുകൾ ഓഡിറ്റ് തീയതിയിലും ക്രമീകരിക്കാതെ അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മുൻകൂർ കൈപ്പറ്റിയ നിർവ്വഹണ ഉദ്യോഗസ്ഥൻ | കൈപ്പറ്റിയ തുക | ചെലവഴിച്ചത് | അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | HM.ഗവ.എൽ.പി.എസ്.മുളക്കുഴ | 4000 | 2301 | 1699 |
| 2 | വെറ്റിനറി സർജൻ | 27000 | 12341 | 14659 |
| 3 | HM GSNDPLPS കാരയ്ക്കാട് | 5500 | 1474 | 4026 |
| 4 | HMമുടികുന്ന് LPS കാരയ്ക്കാട് | 5000 | 2444 | 2556 |
| 5 | HM GLPS കാരയ്ക്കാട് | 6000 | 3567 | 2433 |
| 6 | HM GLPS അരീക്കര | 3500 | 2879 | 621 |
| 7 | HM GLPS അരീക്കര ഈസ്റ്റ് | 5500 | 1249 | 4251 |
| 8 | HM GSVLPS പെരിങ്ങാല | 6000 | 2390 | 3610 |
| 9 | HM GKVLPS കാരയ്ക്കായ് നോർത്ത് | 2500 | 1955 | 545 |
| 10 | M.O GAD | 12000 | 10667 | 1333 |
| 11 | A.E എൽ.എസ്.ജി.ഡി. | 30000 | 29057 | 943 |
| | ആകെ | 107000 | 70324 | 36676 |

മുൻകൂർ കൈപ്പറ്റി നാളിതുവരെയും ക്രമീകരിക്കാത്ത സാഹചര്യത്തിൽ തുക കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി ജി.ഒ(പി)419/11/ഫിൻ.,തീയതി 04.10.2011 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയം അടിയന്തിര തുടർനടപടികൾക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-39 ആരോഗ്യ ജാഗ്രതാ ശുചീകരണപ്രവൃത്തികളുടെ ചെലവു രേഖകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു.

2018-19 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതി പ്രകാരം ആരോഗ്യ ജാഗ്രതാ ശുചീകരണപ്രവൃത്തികൾ നടത്തുകയുണ്ടായി. ഫണ്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

| വൌച്ചർ നമ്പർ | തുക | ചെക്ക് നമ്പർ /തീയതി |
|---|---|---|
| 160/18 (21800160) | 180000 | 8665889/04.06.18 |

ആരോഗ്യ ജാഗ്രതാ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലാ ശുചിത്വ മിഷൻ 30.05.18 ൽ ഡി-5 -1583/18 കത്ത് മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപത്തിന് നൽകിയ ഫണ്ട് മെഡിക്കൽ ഓഫീസറുടെ 06.06.18 ലെ 235/18 ാംഅപേക്ഷ പ്രകാരം

കൈമാറുകയുണ്ടായി. 06.06.18 ലെ എ.1/4441/18 നമ്പർ ഉത്തരവ് പ്രകാരമാണ് തുക മെഡിക്കൽ ഓഫീസർക്ക് കൈമാറിയത്.പ്രസ്തുത തുകയുടെ ചെലവ് രേഖകൾ അടിയന്തിരമായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണെന്ന് അറിയിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 06 / 2020 തീയതി 16.11.2020) നൽകിയിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിലെ വാർഡുകളായ II, VII, XIV എന്നിവടങ്ങളിലെ ചെലവുരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പ്രസ്തുത മൂന്ന വാർഡുകളിലായി ആകെ ചെലവഴിച്ച 30,000 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-40 പ്രളയ ദുരിതാധാശ്വാസ നിധിയിൽ അടച്ച തുകകൾക്ക് ആധികാരികതയില്ല.

സംസ്ഥാനത്തെ ബാധിച്ച പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ ഗ്രാമ പഞ്ചായത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 2018-19 സാമ്പത്തിക വർഷം ആകെ 53,47,077 രൂപ അടച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി തനത് ഫണ്ടിൽ നിന്നും 50,00000 രൂപ 17.09.2018 ൽ കൂടിയ സാധാരണ യോഗത്തിൽ ( നമ്പർ-2.3) തനത് ഫണ്ടിൽ നിന്നും തുക നൽകുന്നതിനുള്ള തീരുമാനം കൈകൊണ്ടത് (സർക്കാർ ഉത്തരവ് (സാധാ) നം.2310/18 തസ്വഭവ 23.08.18) അടിസ്ഥാനത്തിൽ). 3,47,077 രൂപ ജീവനക്കാരിൽ നിന്നും ഈടാക്കി ഒടുക്കിയിട്ടുള്ളതുമാണ്.

ഗ്രാമപഞ്ചായത്ത് ദുരിതാശ്വാസ നിധിയിലേക്ക് അടച്ച പണത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തുക | വൌച്ചർ നമ്പർ/ തീയതി | ചെക്ക് നമ്പർ | റിമാർക്സ് |
|---|---|---|---|---|
| 1 | 50,00000 | 21800357/ 19.09.18 | 8665889 | ഗ്രാമപഞ്ചായത്ത് സംഭാവന |
| 2 | 31389 | 21800380/26.09.2018 | 14929 | ജീവനക്കാരുടെ ശമ്പള റിക്കവറി |
| 3 | 45954 | 218800409/01.10.18 | 14936 | ജീവനക്കാരുടെ ശമ്പള റിക്കവറി |
| 4 | 43512 | 218800481/03.11.18 | 1177783 | ജീവനക്കാരുടെ ശമ്പള റിക്കവറി |
| 5 | 46524 | 218800555/01.12.18 | 1177790 | ജീവനക്കാരുടെ ശമ്പള റിക്കവറി |
| 6 | 46524 | 218800614/05.11.18 | 1407355 | ജീവനക്കാരുടെ ശമ്പള റിക്കവറി |
| 7 | 86650 | 218800719/15.10.19 | 1420914 | ജീവനക്കാരുടെ ശമ്പള റിക്കവറി |
| 8 | 46524 | 218800970/06.03.19 | 769449 | ജീവനക്കാരുടെ ശമ്പള റിക്കവറി |

എന്നാൽ പ്രസ്തുത തുകകൾ അടച്ചതിന്റെ രസീത് ദുരിതാശ്വാസ നിധിയുടെ ഇ- പോർട്ടലിൽ നിന്നും നാളിതുവരെ ഡൌൺലോഡ് ചെയത് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

## 1-41 ഇന്ധനഉപഭോഗത്തിന്റെ കൃത്യത ഉറപ്പാക്കുന്നതിന് ഫ്യുവൽ അബ്സ്ട്രാക്ട് എഴുതുന്നില്ല

വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസറുടെയോ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ സാന്നിദ്ധ്യത്തിൽ ഫുൾ ടാങ്ക് ഇന്ധനം നിറയ്ക്കേണ്ടതാണ്. ഇന്ധനം നിറച്ച തീയതി, ടാങ്കിലെ ഇന്ധനത്തിന്റെ അളവ്, ഹാജരായിരുന്ന ഉദ്യോഗസ്ഥന്റെ പേര്, ഉദ്യോഗപ്പേര്, ഒപ്പ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ടാങ്ക് പൂർണ്ണമായും നിറച്ചതിന് ശേഷം വാഹനം ഓടിയ ദൂരവും വീണ്ടും നിറയ്ക്കുന്നതിനുള്ള അളവും കണക്കിലെടുത്ത് ഒരു കിലോമീറ്ററിനുള്ള ഇന്ധന ഉപഭോഗത്തിന്റെ അളവ് കണക്കാക്കേണ്ടതും കാര്യമായ വ്യതിയാനം കാണുന്ന പക്ഷം വാഹനത്തിന്റെ കോട്ടുപാട് തീർക്കാണ്ടതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഉപയോഗത്തെ സംബന്ധിക്കുന്ന സർക്കാർ ഉത്തരവ് നമ്പർ(എം.എസ്) 170/07 തസ്വഭവ. തീയതി. 30.06.2007 പ്രകാരം പൊതുമാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വാഹനത്തിന്റെ ലോഗ് ബുക്കിൽ ഫ്യുവൽ അബ്സ്ട്രാക്ട് എഴുതി സൂക്ഷിക്കുന്നില്ലാത്തതിനാൽ ഇന്ധന ഉപഭോഗവും ഇന്ധനക്ഷമതയും പരിശോധിച്ച് ഉറപ്പാക്കുന്നതിന് സാധ്യമല്ലാതെ വരുന്നു. അധികൃതർ ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

### 1-42 അഗതി രഹിത കേരളം പദ്ധതിയ്ക്കായി സി.ഡി.എസ്.അക്കൌണ്ടിലേക്ക് നൽകിയ 2,00,000/- രൂപ ചെലവഴിക്കാതെ ശേഷിക്കുന്നു.

അഗതി ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി സി.ഡി.എസ് ന്റെ അക്കൌണ്ടിലേക്ക് 2018-19 വർഷം പഞ്ചായത്തിൽ നിന്ന് അനുവദിച്ച 2,00,000/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. പഞ്ചായത്ത് ഫണ്ടുൾപ്പടെ 31-03-2019 ൽ സി.ഡി.എസ്.അക്കൌണ്ടിൽ ശേഷിക്കുന്ന 5,50,939.08/- രൂപയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പഞ്ചായത്ത് ഫണ്ട് | 2,00,000/- |
| പലിശ | 17,098/- |
| ചലഞ്ച് ഫണ്ട് | 3,33,841.08 |
| ആകെ | 5,50,939.08 |

ചലഞ്ച് ഫണ്ട് ഉപയോഗിച്ചുള്ള പോഷകാഹാര വിതരണമൊഴികെ മറ്റ് പദ്ധതികളൊന്നും നടപ്പാക്കുന്നില്ല. അഗതി ഗുണഭോക്താക്കളിൽ ഭവനരഹിതരായിട്ടുള്ളവർക്ക് ലൈഫ് ഭവനപദ്ധതിയിൽ സി.ഡി.എസ്സ്. വഴി അപേക്ഷ സമർപ്പിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതായി സി.ഡി.എസ്സ്. ചെയർപേഴ്സൺ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചെലവഴിക്കാതെ നിക്ഷേപമായി സൂക്ഷിക്കുന്ന 2,00,000/- രൂപ തിരിച്ചടയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ആശ്രയ പദ്ധതിയിലെ അശരണരായ അഗതികൾക്ക് സഹായകമാകുംവിധം പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

### 1-43 മുടങ്ങിക്കിടക്കുന്ന പണം -നടപടികൾ സ്വീകരിക്കേണ്ടതാണ്

വാർഷിക കണക്കുകൾ പ്രകാരം 320200202 എന്ന ഹെഡ്ഡിൽ അനിമൽ ഹസ്ബൻഡറി എന്ന പേരിൽ 500000 രൂപ ചെലവില്ലാതെ തുടരുന്നു. സർക്കാരിൽ നിന്നുപം ലഭിച്ച ടി തുകയുടെ ഉദ്ദേശ്യം ലഭിച്ച വർഷം എന്നിവ രേഖാമൂലം അറിയിക്കേണ്ടതാണെന്ന് അറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം- തീ - ) മറുപടി ലഭ്യമാക്കിയില്ല. തുകയുടെ ഉദ്ദേശ്യം, ലഭിച്ച വർഷം എന്നിവ സംബന്ധിക്കുന്ന വിശദമായ മറുപടി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണം

### 1-44 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- ലഘു അവലോകനം

| | |
|---|---|
| ആക്ഷൻപ്ലാൻ പ്രകാരം 18-19 ൽ അനുമതി ലഭിച്ച പ്രവൃത്തികളുടെ എണ്ണം | 340 |
| ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം | 196 |
| പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം | 133 |
| പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ എണ്ണം | 63 |
| തൻവർഷം പുതുതായി രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണം | 195 |
| പുതുതായി രജിസ്റ്റർ ചെയ്തതുൾപ്പടെ 18-19 ലെ ആകെ തൊഴിലാളികളുടെ എണ്ണം | 2877 |
| 100തൊഴൽദിനങ്ങൾ പൂർത്തീകരിച്ച തൊഴിലാളികളുടെ എണ്ണം | 429 |
| <u>തൻവർഷത്തെ ആകെ ചെലവ്</u><br>തൊഴിലാളികളുടെ കൂലി<br>അഡ്മിനിട്രേറ്റീവ് ചെലവ്<br>അംഗീകാരം ലഭിച്ച പദ്ധതികൾ പൂർണ്ണമായും ഏറ്റെടുക്കുന്നതിനും,ഏറ്റെടുത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും അതുവഴി രജിസ്റ്റർ ചെയ്ത എല്ലാ തൊഴിലാളികൾക്കും 100 തൊഴിൽദിനങ്ങൾ എന്ന പ്രഖ്യാപിത ലക്ഷ്യം നിറവേറ്റുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. | 23599000<br>555823 |

## <u>ഭാഗം -2</u>

## <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 941850 | ലൈഫ് ഹൌസിംഗ് (ജനറൽ) | 591850 | 350000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 420452 | ലൈഫ് ഹൌസിംഗ് (എസ്.സി.പി) | - | 420452 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 180000 | നെൽകൃഷിക്ക് കൂലിചെലവ് | 180000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | അങ്കണവാടി പോഷകാഹാരം | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | പാലിന് സബ്സിഡി | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 180000 | നെൽകർഷകർ -സബ്സിഡി | 180000 | 0 |

4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം

| പ്രോജക്ട് നം./പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഏജൻസി | ഡെപ്പോസിറ്റ് ചെയ്ത തുക | ചെലവ് |
|---|---|---|---|
| 238/ചാങ്ങപ്പാടം പാടശേഖരത്തിലെ പമ്പ് സെറ്റിന്റെ വൈദ്യുതി കണക്ഷന വേണ്ടി ലൈൻ എക്സ്റ്റൻഷൻ | കെ.എസ്.ഇ.ബി | 200000 | വിനിയോഗവിവരം ലഭ്യമായിട്ടില്ല |

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഈ ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

### 4-4 വായ്പ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻർഷം തിരിച്ചടച്ച തുക | | വർഷാംവസാനം തിരിച്ചടക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി - | ലഭ്യമല്ല | 3277764 | 0 | 0 | 0 | 3277764 |

### 4-5 സ്ഥിര നിക്ഷേപം

l

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1288670 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 59586 |
| ആകെ | 1348256 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1348256 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഇൻഡ്യൻ ഓവർസീസ് ബാങ്ക്, (ചെങ്ങന്നൂർ) ഫിക്സഡ് ഡെപ്പോസിറ്റ് രസീത് നം- 2014/NDRS 0302982 | 1348256 |

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

### 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം.ഖണ്ഡിക നം. | ഖണ്ഡിക നം | സമാഹൃത ഓഡിറ്റ് വർഷം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| | | | | |

### 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം.

ഇല്ല

### 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | |
| | |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |
| | | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരംമ |
|---|---|
| 1997-98 (ചെലവ്) | എൽ.എഫ്.എ 9-322/01/28.6.01 |
| 1998-99 | എൽ.എഫ്.എ-992/02/28.6.01/11.11.02 |
| 2000-01 | എൽ.എഫ്.എ-822/05/31.1.06/31.3.06 |
| 1997-98 (വരവ്) | എൽ.എഫ്.എ 11-149/08/30.7.08/7.11.08 |
| 2003-04 | എൽ.എഫ്.എ-11 -28/10/8.4.10/12.5.10 |
| 2004-05 | എൽ.എഫ്.എ-11-29/10/.8.04.10/12.5.10 |
| 2006-07 | എൽ.എഫ്.എ -2-1482/10/20.6.11/2.7.11 |
| 2007-08 | എൽ.എഫ്.എ -2-1483/10/20.6.2011/2.7.11 |
| 2008-09 | എൽ.എഫ്.എ -പി5-1485/20.6.11/18.7.11 |
| 2009-10 & 10-11 | എൽ.എഫ്.എ -പി 5--1402/12/18.12.12/14.3.13 |
| 2011-12, 2012-13 | എൽ.എഫ്.എ- പി5-1315/2014/11.12.14/31.1.2015 |
| 2013-14 | കെ.എസ്.എ-എ.എൽ.പി-പി5-1192/15/15-09-2015 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി 5-828/16/29.07.16 |
| 2015-16 | നം.കെ.എസ് .എ.എ. എൽ.പി.5-18/2017 /30/01/2017 |
| 2016-17 | നം.കെ.എസ്.എ-എ.എൽ.പി.5-1375/2017/13.11.2017 |

ഡെപ്യൂട്ടി ഡയറക്ടർ

## 1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-എ.എൽ.പി. തീയതി: . .20

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മുളക്കുഴ ഗ്രാമ പഞ്ചായത്തിന്റെ 2018-19സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## 2

## പത്രികകൾ

1.റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്-സംക്ഷിപ്തം (Audited Abstract)

2.ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്-സംക്ഷിപ്തം (Audited Abstract)

3.ബാലൻസ് ഷീറ്റ്-സംക്ഷിപ്തം (Audited Abstract)

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം